
3



# ചട്ടമ്പിസ്വാമി പഠനങ്ങൾ

എഡിറ്റർ

ഡോ. എ എം ഉണ്ണികൃഷ്ണൻ

DCB

Malayalam Language
Chattampiswami Patanangal (3 Vols.)

Study
Edited by Dr. A. M. Unnikrishnan

Rights Reserved
First Published September 2021

Publishers
P. K. Parameswaran Nair Smaraka Trust, Thiruvananthapuram.
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.dcbookstore.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 7290092216

Distributors
D C Books-Current Books
INDIA

D C Books Library Cataloguing in Publication Data
Chattampiswami patanangal
3V., 2792p., 21cm.
ISBN 978-93-5432-836-7
Editor: A. M. Unnikrishnan
1. Malayalam Literature. 2. Study. 1. Unnikrishnan A. M.
894.812.09—dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5432-836-7

Printed in India
at D C Press, Kottayam, INDIA.

D C Books: The First Indian Book Publishing House to get ISO Certification

461/21-22-Sl.No. 21938-dcb 7834-800-87676-09-21 hn 60-p na-r(t) ds-d(t) hm

# ഉള്ളടക്കം

## വാല്യം മൂന്ന്

### 11. സാഹിത്യവിമർശവിജ്ഞാനീയം

ഖണ്ഡനവിമർശത്തിന്റെ നീതിബോധം 1813
ഡോ. ആർ ഗോപിനാഥൻ

ക്രിസ്തുമതച്ഛേദനം: ഒരു പുനർവായന 1912
ഡോ. സി ഐ ഐസക്

ആത്മജ്ഞാനത്തിന്റെ ആത്മപ്രകാശനങ്ങൾ 1931
ഡോ. പോൾ മണലിൽ

യുക്തിവിചാരവൈഭവം ക്രിസ്തുമതച്ഛേദനത്തിൽ 1940
ഡോ. എം എസ് പോൾ

യേശുവിന്റെ ദൈവത്വവിശകലനം 1948
ഫാ. വർഗ്ഗീസ് പി ഇടിച്ചാണ്ടി

ക്രിസ്തുമതവ്യാപനചരിത്രവിമർശനം 1957
ഡോ. കെ ഷിജു

യഹോവയുടെ രക്ഷാനിരൂപണം 1961
ഡോ. ഷൈനി തോമസ്

യഹോവയുടെ ദൈവലക്ഷണനിരൂപണം 1966
ഡോ. ഡൊമിനിക് ജെ കാട്ടൂർ

മുക്തിസാധനനിരൂപണം 1979
ഡോ. കുമാർ ജെ.

ആദ്യപാപവിമർശനം 1985
ഡോ. ബെറ്റിമോൾ മാത്യു

എന്തുകൊണ്ട് ക്രിസ്തുമതച്ഛേദനം?
എസ് ശ്രീകുമാർ
മലയാളത്തിലെ ആദ്യഗദ്യനിരൂപണമാതൃക
ഡോ. എം ശ്രീനാഥൻ

## 12. പാഠവിമർശവിജ്ഞാനീയം

വേദാധികാരത്തിന്റെ മലയാളവഴി
ഡോ. എം ശ്രീനാഥൻ
വേദാധികാരനിരൂപണം - പ്രവേശകം
ഡോ. എൻ ഉഷാദേവി
കാലികപ്രസക്തി
ഡോ. പി വി അജികുമാർ
വേദാധികാരനിരൂപണപാഠം
ആചാര്യ എ കെ ബി നായർ
വേദാധികാരം ആർക്ക്?
വൈക്കം വിവേകാനന്ദൻ
സ്മൃത്യാദികളെ ആസ്പദമാക്കി ഒരുപാഠം
ഡോ. രാജിചന്ദ്ര എം.
വൈദികദർശനസാക്ഷാത്കാരം
എ വി രാധാകൃഷ്ണവൈദിക്
അധ്യാരോപ-അപവാദയുക്തിപ്രയോഗങ്ങൾ 2090
ഡോ. ഭുവനേശ്വരിക്കുഞ്ഞമ്മ വി ആർ.
ജഗന്മിഥ്യാദർശനം 2096
ഡോ. ആർ ലക്ഷ്മി
മായാദർശനം 2101
ഡോ. സി എൻ വിജയകുമാരി
ബ്രഹ്മസൂത്രവിശകലനം 2107
ഡോ. കെ മിനി
തത്ത്വമസിമഹാവാക്യോപദേശവിചാരം 2115
ഡോ. ശ്രീജിത്ത് ടി ജി.

# വേദാധികാരത്തിന്റെ മലയാളവഴി

ഡോ. എം. ശ്രീനാഥൻ

ശ്രീവിദ്യാധിരാജചട്ടമ്പിസ്വാമികളുടെ ഏറ്റവും പ്രശസ്തമായ രചനയാണ് വേദാധികാരനിരൂപണം. വേദാഭ്യാസം നിഷേധിക്കപ്പെട്ട ശൂദ്രർക്കും സ്ത്രീകൾക്കുമുൾപ്പെടെ എല്ലാ മനുഷ്യർക്കും വേദാഭ്യാസത്തിന് അവകാശമുണ്ടെന്ന് 1920ൽ സ്ഥാപിച്ച കൃതിയാണ് എന്നതുതന്നെയാണ് ഇതിന്റെ സാമൂഹികപ്രസക്തി വർദ്ധിപ്പിക്കുന്നത്. അക്കാലത്തെ സാമൂഹികാവസ്ഥയും സാമൂഹികബന്ധങ്ങളും എന്തായിരുന്നുവെന്നറിയുമ്പോഴേ, ഈ കൃതിയുടെ ഉള്ളടക്കത്തിലെ വിപ്ലവധാര ബോദ്ധ്യപ്പെടൂ. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തെയും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യഘട്ടത്തെയുംകുറിച്ച് അനേകം പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. മിഷണറിപ്രവർത്തനങ്ങളും നവോത്ഥാനപ്രവർത്തനങ്ങളും കൊളോണിയൽആധുനികതയുമെല്ലാം ഇന്നും അധികം ചികഞ്ഞറിയുന്ന സജീവമേഖലകളാണ്. അവകാശനിഷേധങ്ങളുടെ സാമൂഹികസന്ദർഭത്തിൽ, ഭാരതത്തിൽ ആകമാനം വേരോടിയിരുന്ന വൈദികപൈതൃകവുമായി ചേർത്തുവച്ചാണ് ഈ കൃതിയെ പാരായണം ചെയ്യേണ്ടത്.

സമൂഹം, വിജ്ഞാനം, അധികാരം എന്നീ ഘടകത്രയം വൈദികസംസ്കാരവ്യാപനത്തിൽ എപ്രകാരം ബന്ധപ്പെട്ടിരുന്നുവെന്ന അന്വേഷണത്തിലൂടെ ഭാരതീയധൈഷണികതയുടെയും നൈതികതയുടെയും യഥാർത്ഥമുഖമെന്തെന്ന വേദാധികാരനിരൂപണത്തിലൂടെ സ്വാമികൾ തുറന്നുകാട്ടി. അന്ധവിശ്വാസജടിലമായ പൂർവാചാരങ്ങൾക്കു പിന്നിലെ സ്വാർത്ഥതാത്പര്യമാണു വിചാരണയ്ക്കു വിധേയമായത്. പ്രചരിച്ചിരുന്നതും വിശ്വസിപ്പിച്ചിരുന്നതുമായ ആചാരക്രമങ്ങളും സാമൂഹികഘടനയും യുക്തിസഹമായ പ്രമാണപിൻതുണയില്ലാത്ത അവകാശനിഷേധങ്ങളുടേതും കൂടിയാണെന്നു ബോദ്ധ്യപ്പെടുത്താനുതകുന്നതിനാൽ ഈ കൃതിയെ വ്യവസ്ഥയ്ക്കെതിരെയുള്ള കലാപസൃഷ്ടിയായേ കണക്കാക്കാനാവൂ. നിലനിന്ന ധൈഷണികരൂപങ്ങളുടെ ബദൽമാതൃകയായാണ് ഇതിലൂടെ പിറവികൊണ്ടത്. ഇതുൾക്കൊണ്ട താർക്കികധൈഷണികതയുടെ രാഷ്ട്രീയത്തെയും പ്രസക്തിയെയുംകുറിച്ചു പരിമിതമായ രീതിയിലല്ലാതെ ചർച്ചകളുണ്ടായില്ല. കേരളീയനവോത്ഥാനശില്പികളിലൊരാളായി സ്വാമികളെ അംഗീകരിക്കുമ്പോൾത്തന്നെ അദ്ദേഹത്തിന്റെ സംഭാവനകൾ ഉൾക്കൊണ്ട നവോത്ഥാനമൂല്യങ്ങളെക്കുറിച്ചു വേണ്ടത്ര പഠനം ഇനിയും ഉണ്ടായിട്ടില്ല.

## നവോത്ഥാനപശ്ചാത്തലം

കൊളോണിയൽനവോത്ഥാനത്തിന്റെ ചുവടുപിടിച്ചു പാശ്ചാത്യ അറിവധികാരത്തിലേക്കു മലയാളി കുതിച്ചുയർന്നപ്പോൾ നഷ്ടമായതു തനതായ

അറിവിടങ്ങളാണ്. അങ്ങനെയെന്തെങ്കിലും നഷ്ടമായിട്ടുണ്ടെന്നുള്ള
പോലും നമ്മുടെ ആലോചനയിലില്ല. അത്രയ്ക്ക് ആഴത്തിൽ പാശ്ചാത്യ
നപദ്ധതികൾ നമ്മിൽ അധീശത്വം നേടിയിട്ടുണ്ട്. ഇവിടെ ജനകീ
ജ്ഞാനപദ്ധതികളുണ്ടായിരുന്നു. അതോടൊപ്പം അധീശത്വജ്ഞാന
തികളും ഉണ്ടായിരുന്നു. ജനകീയമായ അറിവിനെ അന്നാരും അ
കണക്കാക്കിയിരുന്നില്ല. പകരം ജ്ഞാനം അധീശത്വാധികാര
ണ്യവുമായിരുന്നു. പാശ്ചാത്യജ്ഞാനപദ്ധതി പൗരസ്ത്യജ്ഞാനപദ്ധ
തുടർച്ച ലക്ഷ്യംവച്ചില്ല. അവരുടെ മാതൃക നവമായി അടിച്ചേല്പിക്ക
രുന്നു. ഈ സംഘർഷത്തിൽ തദ്ദേശീയമായ അറിവിടങ്ങളുടെ വ
സംഭവിച്ചു. വരേണ്യജ്ഞാനപദ്ധതിയെ ജനകീയമാക്കുന്ന ബദലി
വിനിമയപദ്ധതികളും കൊളോണിയൽആധുനികതയുടെ ഭാഗമല്ലാ
പുതന്നെ വികസിച്ചിരുന്നു. പക്ഷേ പ്രചാരം കുറവായിരുന്നു. ഇപ്രകാ
ള്ള ശ്രമങ്ങൾക്കുടിയാണു കൊളോണിയൽആധുനികതയുടെ പ്രഭാ
വിസ്മരിക്കപ്പെട്ടത്. ഭാരതീയമായ താർക്കികപാരമ്പര്യത്തെ പ്രയോ
ടുത്തിക്കൊണ്ട്, വരേണ്യമാക്കിയ ഭാരതീയജ്ഞാനപദ്ധതിക്കു ജനകീ
ത്തറ വികസിപ്പിച്ചെടുക്കാനുള്ള ശ്രമങ്ങളെയാണു ബദലാവിഷ്കാരങ്ങ
പറഞ്ഞത്. അവ്വിധത്തിൽ നടന്ന കേരളമാതൃകയാണു ചട്ടമ്പിസ്വാമിയു
സംഭാവനകൾ. ഭാരതീയജ്ഞാനപാരമ്പര്യത്തിനു ശാസ്ത്രീയത ഇല്ല എ
പാശ്ചാത്യവ്യാഖ്യാനം, വിജ്ഞാനത്തെക്കുറിച്ചുള്ള പാശ്ചാത്യശാസ്ത്രയുക്തി
കളാണു ശരിയെന്ന വിശ്വാസത്തിലെത്തിക്കുക എന്നതായിരുന്നു കൊ
ളോണിയൽആധുനികത കൈവരിച്ച ഒരു മികച്ച നേട്ടം. പാശ്ചാത്യമാർ
ഗത്തിലൂടെയല്ലാതെ അറിവുത്പാദനത്തിന്റെ മലയാളവഴി, പ്രത്യേകിച്ച്
ഭാരതീയജ്ഞാനത്തിന്റെ ജനകീയാസൂത്രണം, കഴിയുമെന്ന സ്വാമിയുടെ
സംഭാവനകൾ തെളിയിച്ചു.

വിജ്ഞാനത്തെക്കുറിച്ചുള്ള ഭാരതീയസമീപനം എന്തായിരുന്നുവെന്ന
അന്വേഷണം ചെന്നെത്തുന്നത് ലിഖിതരൂപംകൊണ്ടു വേദങ്ങളിലാണ്.
വേദങ്ങളും ഉപനിഷത്തുക്കളും സ്മൃതികളും പുരാണങ്ങളും എന്നിങ്ങനെ വ്യ
ത്യസ്തലിഖിതരൂപമാതൃകകളിൽ ഭാരതീയസർഗാത്മക-വൈജ്ഞാനിക
പൈതൃകം വ്യാപിച്ചുകിടക്കുന്നു. പൗരസ്ത്യദർശനത്തിന്റെ നിദർശനങ്ങ
ളെല്ലാം സംസ്കൃതത്തിലാണ്. സംസ്കൃതത്തെ ലോകഭാഷയായല്ല; മറിച്ച്
ദേവഭാഷയായാണു പരിഗണിച്ചുവരുന്നത്. വിജ്ഞാനഭാഷയായ സംസ്കൃതം
ലൗകികഭാഷകളിൽനിന്നെല്ലാം ബഹുദൂരം മുൻനിലയിലായിരുന്നു. എങ്കി
ലും അതിന്റെ മിക്ക ഉള്ളടക്കവും സാധാരണജനങ്ങളിൽനിന്നകന്ന ഭാര
തീയവൈജ്ഞാനികസാന്നിദ്ധ്യമായി നിലനില്ക്കുകയായിരുന്നു. അറിവ്,
ചാതുർവർണ്യഘടനയുമായി കണ്ണിചേർന്ന് അധികാരമായിരുന്നകാലത്തു
ബ്രാഹ്മണർ അറിവുടമകളായിരുന്നു.

## അറിവധികാരവും ചാതുർവർണ്യവും

ഭാരതത്തിൽ പഴയകാലത്തു ജനവിഭാഗങ്ങളെ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നു നാലായി, ചതുർവർണമായി തിരിച്ചിരുന്ന സാമൂഹികവ്യവസ്ഥയാണു ചാതുർവർണ്യം. ഗുണകർമങ്ങളെ അടിസ്ഥാനപ്പെടുത്തിയും കക്ഷിപുരാണമതത്തെ ആധാരമാക്കിയുമാണ് ഈ വിഭജനം ഏർപ്പെടുത്തിയത്. ആചാര്യന്മാർ നിർദ്ദേശിച്ച വ്യവസ്ഥ ഗുണകർമങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ പ്രയോഗത്തിലുള്ളതു കക്ഷിപുരാണമതാടിസ്ഥാനത്തിലുള്ളതാണ്. അതുകൊണ്ടിതിനെ ചാതുർവർണ്യാഭാസമായിട്ടാണു സ്വാമി കണക്കാക്കുന്നതെന്നു 'പ്രാചീനമലയാളം' ഒൻപതാമധ്യായത്തിൽനിന്നു വ്യക്തമാണ്.

ചാതുർവർണ്യാഭാസപ്രകാരമാണ് അറിവിന്റെ വിഭജനവും നടന്നിരിക്കുന്നത്. എല്ലാ അറിവും ബ്രാഹ്മണരുടെ ജന്മാവകാശമാണെന്ന നിലയിൽ അടിച്ചേല്പിച്ചിരിക്കുന്നു. സംസ്കൃതഭാഷയും ഇക്കൂട്ടരുടെ കുത്തകാവകാശമായി നിലനിന്നു. സംസ്കൃതത്തിന്റെയും അറിവിന്റെയും സാമൂഹികവ്യാപനം ജനകീയമായിരുന്നില്ല. വിജ്ഞാനപ്രസരണത്തിന്റെ നിയമാവലി ബ്രാഹ്മണർ നിശ്ചയിച്ചതായിരുന്നു. ജ്ഞാനത്തിന്റെ വിതരണം നിയന്ത്രിച്ചിരുന്ന ബ്രാഹ്മണരെ, അംഗീകരിക്കുകയല്ലാതെ മറ്റുമാർഗങ്ങളൊന്നും ഉണ്ടായിരുന്നില്ല. വേദാധികാരം ബ്രാഹ്മണർക്കായിരുന്നതിനാൽ, അവർ ശൂദ്രർക്കു വേദം അഭ്യസിക്കാനുള്ള അവകാശം നിഷേധിക്കുകയും ക്ഷത്രിയന്ന് അഭ്യസിക്കാമെങ്കിലും വേദാദ്ധ്യാപനം നിഷേധിക്കുകയും ചെയ്തിരുന്നു. ഈ വിലക്കുകൾക്കൊക്കെ സാധൂകരണം വേദത്തിലുണ്ടെന്നും ഇതൊക്കെ മുറതെറ്റാതെ പാലിക്കാനുള്ള മേൽ അവകാശാധികാരങ്ങൾ ബ്രാഹ്മണർക്കു വേദംനല്കുന്നുണ്ടെന്നുമുള്ള ധാരണ ബ്രാഹ്മണർ പ്രചരിപ്പിച്ചിരുന്നു. ബ്രാഹ്മണർക്ക് എതിർവാക്കു പറയാനുള്ള അവകാശം ആർക്കും അനുവദിച്ചിരുന്നില്ല. ക്രമേണ ബ്രാഹ്മണമേധാവിത്വം ഒരു വഴക്കമായി മാറിയിരുന്നു. പൂർവാചാര്യപ്രമാണമായിത്തന്നെ നിലനിന്ന ഈ വിശ്വാസത്തെ, അതിനു പിന്നിലെ പ്രത്യയശാസ്ത്രതാത്പര്യങ്ങളെ ചോദ്യം ചെയ്യാൻ ആരും ശ്രമിച്ചിരുന്നില്ല. പൂർവസൂരികളായ വേദാന്തപണ്ഡിതന്മാരും വ്യാഖ്യാതാക്കളും ബ്രാഹ്മണതാത്പര്യപ്രമാണത്തെ സ്ഥാപിക്കുകയാണു ചെയ്തുപോന്നിരുന്നത്.

സ്വാമി ദയാനന്ദസരസ്വതി (1824-1883) സത്യാർത്ഥപ്രകാശത്തിൽ "വേദങ്ങൾ എല്ലാവർക്കുംവേണ്ടിയുള്ളതാണെന്ന" വാദം മുൻപ് ഉന്നയിച്ചിരുന്നു. എന്നാൽ ദയാനന്ദസരസ്വതിയുടെ പഠനങ്ങൾ ചട്ടമ്പിസ്വാമികൾക്കു പരിചയമുണ്ടായിരുന്നോ എന്നറിയില്ല. ഭാരതത്തിൽ ആഴത്തിൽ വേരോടിയിരുന്ന ബ്രാഹ്മണരുടെ വേദാധികാരത്തെ സയുക്തികം ഖണ്ഡിക്കുകയും ബ്രാഹ്മണർക്കു പ്രത്യേകാധികാരം ഇല്ലെന്നും അവർ വേദാഭ്യാസം നിഷേധിച്ചിരിക്കുന്നതു ന്യായമല്ലെന്നും, വേദം അഭ്യസിക്കാൻ ശൂദ്രർക്കും സ്ത്രീകൾക്കുമുൾപ്പെടെ എല്ലാവർക്കും അവകാശമുണ്ടെന്നും സ്ഥാപിക്കുകയുമാണു വേദാധികാരനിരൂപണത്തിലൂടെ ചട്ടമ്പിസ്വാമികൾ സാദ്ധ്യമാക്കിയത്.

വേദസ്വരൂപം, വേദപ്രാമാണ്യം, അധികാരനിരൂപണം,
ചാരം, യുക്തിവിചാരം എന്നിങ്ങനെ അഞ്ച് അദ്ധ്യായങ്ങളാണ് ഗ്രന്ഥ
ത്തിലുള്ളത്. 1921 ലാണ് ഈ ഗ്രന്ഥത്തിന്റെ ആദ്യപതിപ്പിറങ്ങിയത്

അറിവുത്പാദനത്തിന്റെ മലയാളവഴി തുറക്കുകയായിരുന്നു
ന്ഥത്തിലൂടെ ചട്ടമ്പിസ്വാമികൾ. സാദ്ധ്യമായ പൂർവപക്ഷങ്ങളെ
രത്തി, അവ ഓരോന്നിനെയും യുക്തിപൂർവം ഖണ്ഡനം നടത്തി
ബദൽമാതൃക നിർവചിച്ചെടുത്തു. പൂർവപക്ഷത്തെ കണ്ടെത്തൽ,
യുക്തിയുടെയും ദൃഷ്ടാന്തങ്ങളുടെയും സഹായത്താൽ പൂർവഖണ്ഡനം
അറിവിനെ ബ്രാഹ്മണഏകപക്ഷീയതയിൽനിന്ന് സ്വതന്ത്രമാക്കി ജനകീയ
മാക്കുക എന്ന രീതിശാസ്ത്രമാണ് ഇതിലേക്കായി സ്വീകരിച്ചത്.

പ്രചരിച്ചിരുന്ന ഭാരതീയവൈജ്ഞാനികാധികാരപ്രമാണങ്ങളെ
രതീയസ്രോതസ്സുകളിലെ ദൃഷ്ടാന്തങ്ങൾ ഉപയോഗിച്ചുഖണ്ഡിച്ച് ആദ്യ
രവൈജ്ഞാനികനവീകരണം സാദ്ധ്യമാക്കുക, അയുക്തികതയിൽനിന്ന്
യുക്തിവിചാരത്തിലേക്കു ജ്ഞാനനിർമിതിയെ എത്തിക്കുക, അതിലേക്കാ
യി പാർശ്വവത്കൃതജനപക്ഷത്തുനിന്നു ബ്രാഹ്മണാധിഷ്ഠിതവേദകേന്ദ്രമാ
വിചാരണ ചെയ്യുക, പാർശ്വപക്ഷവൈജ്ഞാനികതയ്ക്കാധാരമായ പ്രമാണ
വും യുക്തിയും സമ്മേളിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ നിറവേറ്റാനായി
കരിച്ച പൂർവപക്ഷവിശ്വാസങ്ങളെ മുഖവിലക്കെടുക്കാതെ സൂക്ഷ്മപരിശോധ
നയ്ക്കു വിധേയമാക്കി സാധൂകരണന്യായങ്ങളെ ഒന്നൊന്നായി യുക്തിപൂർവം
ഖണ്ഡിച്ചു സ്വാമികൾ ബദൽയുക്തികൾ അവതരിപ്പിച്ചു.

പൂർവപക്ഷപ്രമാണങ്ങൾ കല്പിതമാണെന്നും ബ്രാഹ്മണതാത്പര്യ
നിർമിതികളാണെന്നും അവയെ നിലനിറുത്തുന്നതും വിശ്വസിപ്പിക്കുന്നതും
മാദ്ധ്യമപരമായ കൗശലമാണെന്നും അവയെല്ലാം പൊളിച്ചെഴുതാവശ്യ
പ്പെടുന്നുവെന്നുമുള്ള ബോദ്ധ്യമാണു സ്വാമികളെ ഈ ഉദ്യമത്തിനു പ്രേരിപ്പി
ച്ചതെന്നു മനസ്സിലാക്കാം.

ശൂദ്രപക്ഷമെന്നതു വിജ്ഞാനാധികാരം നിഷേധിക്കപ്പെട്ട വർഗപക്ഷ
മാണ്. അടിമജോലികൾ ചെയ്തുവരുന്ന പാർശ്വജനവിഭാഗങ്ങളുടെ പക്ഷ
ത്തിനായി വേദവിജ്ഞാനത്തെ എത്തിക്കുകയും അസ്പൃശ്യരെന്നുകരുതി
അന്ധതയിൽ കഴിഞ്ഞിരുന്ന ജനങ്ങൾക്ക് അധമബോധത്തിൽനിന്ന് അവ
കാശങ്ങളറിഞ്ഞു മുന്നേറാനുള്ള പാത ഒരുക്കുകയും ചെയ്യുക ഈ കൃതിയുടെ
രചനാലക്ഷ്യമാണ്.

മലയാളഭാഷയെ ഭാരതീയദാർശനികപാരമ്പര്യവുമായി ചേർത്തുവ
ച്ചു വഴി ദാർശനികമലയാളത്തിന്റെ ശക്തമായ മാതൃകയാകാൻ വേദാധി
കാരനിരൂപണത്തിലെ ഭാഷയ്ക്കു കഴിഞ്ഞിട്ടുണ്ട്. വിജ്ഞാനപ്രസരണത്തിനാ
മലയാളത്തിനുള്ള വൈഭവവും ഈ കൃതിയിൽ വ്യക്തമാണ്. മലയാളത്തി
ന്റെ ഗദ്യഭാഷാചരിത്രത്തിലും വിജ്ഞാന-ദാർശനികഭാഷാനിലകളിലും
പ്രാധാന്യമുള്ളതും ബദൽമാതൃകയാണെന്നതും വാസ്തവമാണെങ്കിലും ഈ
കൃതിയുടെ പൊരുളും സമീപനവും ഇനിയും സഗൗരവചർച്ച ആവശ്യപ്പെടു
ന്നുണ്ട്.

[illegible]

[illegible]

[illegible]

[illegible]

ഈശ്വരവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ [illegible] ർ. ഈശ്വരനില്ല എന്ന കരുതുന്ന നാസ്തികരും വിശ്വാസികളായ ആസ്തികരും. ആസ്തികരെ ദ്വിവിധരാക്കാം. ഇവരിൽ ശ്രൗതന്മാരും പ്രപഞ്ചവാദികളുമുണ്ട്. വേദത്തെക്കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാട് നിലനിറുത്തുന്നവരാണിവർ. ധർമ്മാധർമ്മജ്ഞാനമുണ്ടാകുന്നതിന്ന് ഈശ്വരൻ സൃഷ്ടിച്ച ഗ്രന്ഥമാണ് വേദമെന്ന ശ്രൗതന്മാർ വിശ്വസിക്കുന്നു. രചയിതാവായ ഈശ്വരൻ സൃഷ്ടിച്ച പ്രപഞ്ചം തന്നെ വേദമെന്ന വിശ്വസിക്കുന്നവരാണ പ്രപഞ്ചവേദികൾ. വേദത്തെക്കുറിച്ച് ഈ രീതിയിലുള്ള വിശ്വാസഭിന്നത നിലനില്ക്കുന്നുണ്ടെന്ന് അറിയുന്നതോടൊപ്പം 'വേദമെന്നത് എന്ത്? അതിന്റെ കർത്താവാര്? അതിന്റെ സംഖ്യ എത്ര?' തുടങ്ങിയുള്ള അടിസ്ഥാനവിവരങ്ങളും അറിയേണ്ടതുണ്ട്.

കർത്താവിനെസ്സംബന്ധിച്ച് ഭിന്നാഭിപ്രായങ്ങളുണ്ട്. ഈശ്വരകർത്തൃകം. ഋഷികർത്തൃകം, മനുഷ്യകർത്തൃകം എന്നതിനൊപ്പം കർത്താവ് ഇല്ല എന്ന അഭിപ്രായവും നിലവിലുണ്ട്. സംഖ്യയില്ലെന്നും ഉണ്ടെന്നും പറയുന്നവരുണ്ട്. ശബ്ദപ്രമാണങ്ങളിൽ വേദം മുഖ്യമെങ്കിലും പ്രത്യക്ഷാനുമാനപ്രകാരം ഇതു താഴ്ന്നതാണെന്ന അഭിപ്രായവും ഉണ്ട്. ഇവ ഓരോന്നും വിശദമായി നിരൂപണം ചെയ്യേണ്ടതുണ്ട്.

സ്വാമികൾ 'വേദ'ത്തിന്റെ അർത്ഥപരിശോധനയാണ് ആദ്യം ചെയ്തത്. ഒരു വസ്തുവിന്റെ പൂർണ്ണമായ ബോധം ഉണ്ടാകണമെങ്കിൽ പര്യായാർത്ഥത്തെയും ഉദ്ദേശ്യത്തെയും ഒന്നായിച്ചേർത്തുമനസ്സിലാക്കണമെന്നാണ് സ്വാമിയുടെ നിലപാട്. അമരകോശത്തിൽ വേദം, ശ്രുതി, ആമ്നായം സമാനാർത്ഥകങ്ങളാണ്. നിഷ്പത്തിപ്രകാരം വേദമെന്നതു, യാതൊന്നിന്റെ സഹായത്താൽ ധർമ്മാധർമ്മങ്ങളെ അറിയാനിടയാകുമോ അതിനെ വേദമെന്ന പറയുന്നുവെന്നും വേദിപ്പിക്കുന്നതിനാൽ വേദമെന്ന പറയുന്നു എന്നും രണ്ടു നിഷ്പത്തികൾ: ഇവ രണ്ടിലും ശബ്ദഭേദമല്ലാതെ അർത്ഥഭേദമില്ല. ശബ്ദരത്നാവലിയിൽ ബ്രഹ്മം, നിഗമം എന്ന വേദത്തിന്റെ പര്യായങ്ങൾ കാണാം. ഭട്ടോജൻ 'പ്രവചനം' പര്യായമായും പറയുന്നുണ്ട്.

വേദമെന്ന ഗ്രന്ഥം ജീവാത്മപരമാത്മാക്കളുടെ ഇരിപ്പിനെയും അവയുടെ സ്വരൂപസംബന്ധാദികളെയും പ്രകാശിപ്പിക്കുന്നതുപോലെ പ്രപഞ്ചവും ജീവാത്മപരമാത്മാക്കളെ ബോധിപ്പിക്കുന്നതിനാൽ വേദമെന്നതു പ്രപഞ്ചംതന്നെ [illegible] വാദം.

വേദത്തെ ശ്രുതിയെന്നും പറയാറുണ്ട്. ധർമ്മാധർമ്മാദികൾ ശ്രോത്രത്തിന്റെ സഹായത്താൽ കേൾക്കപ്പെട്ടതുകൊണ്ടു ശ്രുതിയെന്നും ശ്രവിക്കപ്പെടുകയാൽ ശ്രുതിയെന്നും രണ്ടഭിപ്രായമുണ്ട്. ഈശ്വരനിൽനിന്നു നേരെ കേൾക്കപ്പെട്ടതുകൊണ്ട് ഇതിന് ശ്രുതിയെന്ന പേരു വന്നുവെന്നു ശ്രൗതന്മാർ വിശ്വസിക്കുന്നു.

വേദങ്ങൾ വാമൊഴിയായി, ഒരാൾ മറ്റൊരാൾക്ക് എന്ന ക്രമത്തിൽ അദ്ധ്യയനം ചെയ്യിച്ചതുകൊണ്ടാണിതിനു 'പ്രവചനം' എന്ന പേരുണ്ടായതെന്നു പ്രപഞ്ചവേദികൾ പറയുന്നു. പരമ്പരയായി അഭ്യസിക്കുന്നതിനാൽ, അതായതു ചൊല്ലി നിലനിന്നുപോരുന്നതിനാൽ, ആമ്നായം എന്ന പേര് സിദ്ധിച്ചു.

'വേദം' എന്ന സംജ്ഞയുമായി ബന്ധപ്പെട്ട നിഷ്പത്തികൾ, അർത്ഥപരിശോധനയുടെ ഭാഗമായി അവതരിപ്പിച്ച സ്വാമികൾ ശ്രൗതന്മാരും പ്രപഞ്ചവേദികളും വേദത്തെ മനസ്സിലാക്കുന്നതെങ്ങനെയാണെന്നു വ്യക്തമാക്കി. തുടർന്നു വേദകർത്തൃത്വത്തിന്റെ പൊരുൾ അന്വേഷിക്കുകയാണ് ചെയ്തത്.

### വേദം പൗരുഷേയമോ അപൗരുഷേയമോ?

വേദത്തിന്റെ കർത്തൃത്വത്തെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങളെയാണ് പരിശോധിക്കുന്നത്. മനുഷ്യകർത്തൃത്വത്തെ പൗരുഷേയമെന്നും ഈശ്വരകർത്തൃത്വത്തെ അപൗരുഷേയമെന്നുമാണു സൂചിപ്പിക്കുന്നത്. ശ്രൗതന്മാരുടെ വീക്ഷണത്തിൽ വേദം സത്യമാണ്, അപൗരുഷേയവുമാണ്. ദേവന്മാർ സത്യവാന്മാരും മനുഷ്യർ അസത്യവാന്മാരും ആണെന്നു വേദത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് അവ അപൗരുഷേയമാണ്. വേദങ്ങൾക്കു മനുഷ്യകർത്താവില്ല എന്നു സ്മൃത്യാദികൾ സ്പഷ്ടമാക്കുന്നുണ്ട്. വർദ്ധിച്ച നാഗരികത്വമുള്ള ഇക്കാലത്തും ഗൗരവത്തോടെ ആദരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്ന വേദഗ്രന്ഥങ്ങൾ പ്രാചീനകാലത്തു കേവലം മനുഷ്യർ സൃഷ്ടിച്ചതാണെന്നു വിശ്വസിക്കാനാവില്ല. മനുഷ്യർക്കു ധർമ്മബോധം ഉണ്ടാകാനായി ദൈവം സൃഷ്ടിച്ചതാണു വേദം. ഋഷികളുടെ രചനകളെക്കാൾ ശ്രേഷ്ഠമായതുകൊണ്ട് ഇതു മനുഷ്യസൃഷ്ടിയല്ല. വേദങ്ങളുടെ ദൈവകർത്തൃത്വത്തെ നീതിമത്കരിക്കുന്ന ശ്രൗതന്മാരുടെ മേല്പറഞ്ഞ വാദങ്ങൾക്കു വിരുദ്ധമാണു പ്രപഞ്ചവേദികളുടേത്.

വേദങ്ങളിലവതരിപ്പിക്കുന്ന വിഷയങ്ങളെല്ലാം സത്യമല്ല. ചില വിഷയങ്ങൾ കർമ്മകാണ്ഡത്തിലും ചിലതു ബ്രഹ്മകാണ്ഡത്തിലും ഉൾപ്പെടുന്നവയാണ്. കർമ്മകാണ്ഡത്തിലെ വിഷയങ്ങളിൽ പലതും ഹേയമായിരിക്കുന്നു. ഉദാഹരണമായി യാഗാദികളിൽ കാണുന്ന ഹിംസയെ ശ്രീമദ്ഭാഗവതപരാമർശത്തിലൂടെ ചൂണ്ടിക്കാട്ടുന്നു. ഇതിനുപോദ്ബലകമായി ബ്രഹ്മാനന്ദസരസ്വതി യജ്ഞീയപശുഹിംസയെ അപലപിക്കുന്നതും യോഗസൂത്രവൃത്തികാരന്റെ അഭിപ്രായത്തെയും പരാമർശിച്ചുകൊണ്ടു പ്രാണിഹിംസയെ സ്വാമികളും എതിർത്തു. ശക്തിപൂജ, യാഗം, പിതൃകർമ്മം,

ഉദരപൂരണം എന്നിങ്ങനെ കാരണഭേദാനുസാരം പ്രാണിവധം പ്രായശ്ചിത്തമില്ലാത്ത കുറ്റമാണെന്ന പത്മോത്തരത്തിലെ ശ്രീപാർവതീപരമേശ്വര സംവാദം ഉദ്ധരിച്ചുകൊണ്ട് സ്വാമികൾ സമാപിക്കുന്നുണ്ട്.

വേദത്തിൽ പറഞ്ഞിരിക്കുന്നതെല്ലാം ശരിയല്ലെന്നതിനു മറ്റൊരു തെളിവായി പൗണ്ഡരീകയാഗത്തിൽ വിധവയും ബ്രഹ്മചാരിയും ചേർന്നുള്ളുന്ന സംഭോഗത്തെയും തത്തുല്യവേദപരാമർശങ്ങളെയും ചൂണ്ടിക്കാട്ടി വേദത്തിൽ പറഞ്ഞിരിക്കുന്നതെല്ലാം സത്യമാണെന്ന ശ്രൗതന്യായത്തോട് സ്വാമികൾ വിയോജിക്കുന്നു. “കലിയുഗത്തിൽ അശ്വമേധം, ഗോമേധം, സംന്യാസം, ശ്രാദ്ധത്തിൽ മാംസഭോജനം, ദേവരങ്കൽനിന്നു പുത്രോത്പത്തി ഈ അഞ്ചുകാര്യങ്ങളും മാറ്റേണ്ടതാണ് എന്നുണ്ടായ നിഷേധംകൊണ്ട് വേദത്തിൽ പറയപ്പെട്ട വിഷയങ്ങൾക്കും ന്യൂനതയുണ്ടെന്നു കാണുന്നു.” കൂടാതെ വേദങ്ങളിലും ബൈബിൾ, ഖുറാൻ എന്നീ ഗ്രന്ഥങ്ങളിലും ഒരേ കാര്യത്തെക്കുറിച്ചുള്ള വിരുദ്ധാഭിപ്രായങ്ങളുണ്ട്. ഇതിന്റെ വെളിച്ചത്തിൽ അസത്യംകൂടി വേദത്തിൽ പറഞ്ഞിട്ടുണ്ടെന്നു സ്വാമികൾ സംശയിക്കുന്നുണ്ട്. ഇവയെല്ലാം ഭഗവത്പ്രോക്തമാണെന്ന വേദങ്ങളുടെ ഈശ്വരകർത്തൃത്വത്തെ സാധൂകരിക്കുന്ന ശ്രൗതപക്ഷത്തെ യുക്തിചിന്തയിലൂടെ ഖണ്ഡിക്കുന്നതു വേദനിഷേധമായി കാണേണ്ടാ. വേദത്തെക്കുറിച്ചുള്ള വ്യവഹാര നിർമിതികളെ വിമർശനവിധേയമാക്കുകയാണ് സ്വാമികൾ ചെയ്തത്.

ധാരണാബുദ്ധി, വിവേകപ്രാചുര്യം ഇവയൊക്കെ ഭഗവത്പ്രോക്തമായിട്ടാണ് വിശ്വസിക്കുന്നത്. അങ്ങനെയാണെങ്കിൽ സ്വാമിയുടെ രചനകളും ഭഗവത്പ്രോക്തമാണെന്നു പറയാമോ എന്ന ചോദ്യമുന്നയിച്ചുകൊണ്ടാണു ഈശ്വരകർത്തൃവാദത്തെ നിഷേധിച്ചത്. ഋഷിമാർ പുരാണാദിഗ്രന്ഥങ്ങളെ വേദത്തിന്റെ ഉപപ്രമാണമെന്നു പറഞ്ഞതിനു വേദം ഭഗവത്പ്രോക്തമാണെന്നുകൊണ്ടാണ് എന്നല്ല ധരിക്കേണ്ടത്. ഗൗസാക്ഷ്യത്തെക്കാൾ മൂലസാക്ഷ്യം പ്രധാനമെന്നാണു ശ്രദ്ധിക്കേണ്ടതെന്നു സ്വാമികൾ നിർദ്ദേശിക്കുന്നു. സ്വാമികളുടെ വിമർശനിരീക്ഷണങ്ങളൊന്നും വേദത്തെ നിഷേധിക്കാനല്ല ഉദ്ദേശിക്കുന്നത്.

ഈ അദ്ധ്യായത്തിൽ ചർച്ചചെയ്യുന്ന മറ്റൊരു മൂലപദമാണു വേദസംഖ്യ. വേദങ്ങൾക്കു സംഖ്യയില്ല എന്നാണു ശ്രൗതവിശ്വാസം. അനന്താവൈ വേദാഃ എന്ന പ്രമാണമാണ് അവരുടെ വിശ്വാസത്തിനു പിന്നിൽ. പ്രപഞ്ചവേദികളുടെ അഭിപ്രായത്തിൽ “പ്രപഞ്ചത്തിന്റെ വിസ്താരത്തെയും അതിലടങ്ങിയ പദാർത്ഥങ്ങളെയും ഒരിക്കലും കണക്കിട്ടു നിർണയിക്കാൻ കഴിവില്ലായ്കയാലും പ്രപഞ്ചമായ വേദത്തിനു പരിമിതിയില്ല എന്നതാണു പ്രമാണവാക്യത്തിന്റെ പൊരുൾ; അല്ലാതെ പുസ്തകരൂപത്തിലുള്ള വേദത്തിന് അളവില്ല എന്നല്ല.

ചുരുക്കത്തിൽ, വേദസംബന്ധമായ ചില താക്കോൽപദപരിശോധനയിലൂടെ ഭിന്നവ്യവഹാരധാരകൾ പരിചയപ്പെടുത്തുന്നു. വേദത്തെക്കുറിച്ച് ഉണ്ടാക്കിയെടുത്തിട്ടുള്ള ചില ധാരണകളെ വിമർശനാത്മകമായി പരിശോ

ധിച്ച് അവ സാധാരണക്കാർക്ക് അപ്രാപ്യമല്ല എന്ന ... വേദങ്ങളിലുള്ളതെല്ലാം സത്യമല്ലെന്നും അതുകൊണ്ട് ... ക്കരുതെന്നുമാണ് സ്വാമികൾ ആഹ്വാനം ചെയ്യുന്നത്. "... ശ്രമപ്പെട്ടു കണ്ടറിഞ്ഞു പറഞ്ഞ വിഷയങ്ങളിൽ നിരാക്ഷേ... കാര്യങ്ങളെ അംഗീകരിക്കുകയും ഗൗരവബുദ്ധ്യാ സ്വീകരിക്കു... ണ്ടതു നമ്മുടെ സ്ഥിതിക്ക് അടുത്തകാര്യം തന്നെ. ഭഗവദ്‌... ള്ളതുകൊണ്ടുമാത്രം ആക്ഷേപകരമായിത്തീരുന്നതുമല്ല. അതി... ളെ ആദരിച്ചനുഷ്ഠിക്കുന്നതുതന്നെ നമുക്കു സുലഭമായും പ്രയോജ... ഇരിക്കുമെന്നതിൽ സന്ദേഹമില്ല." ഈ പ്രസ്താവനയിൽനിന്ന് വേ... റിച്ചുള്ള സ്വാമികളുടെ സമീപനം വ്യക്തമാണ്.

## വേദപ്രാമാണ്യം

വേദപ്രാമാണ്യസ്വരൂപത്തെക്കുറിച്ചുള്ള അന്വേഷണമാണ് 'വേദ... ണ്യം' എന്ന രണ്ടാമദ്ധ്യായം. അക്കാലത്തു നിലനിന്നിരുന്ന ന്യായ... ആധാരമാക്കിയുള്ള പ്രമാണപരിശോധനയിലൂടെയാണ് ഈ അന്വേ... ണം നടത്തിയത്. പ്രത്യക്ഷം, അനുമാനം, ശബ്ദജ്ഞാനം എന്നീ മൂന്ന... പ്രമാണങ്ങളുടെ താരതമ്യപരിശോധനയാണ് പശ്ചാത്തലമായി അവത... പ്പിച്ചത്. തുടർന്ന് പ്രത്യക്ഷപ്രമാണം, അനുമാനജന്യജ്ഞാനം, ശബ്ദജ്ഞാ... ജ്ഞാനം എന്നീ മൂന്നുവകപ്രമാണങ്ങളെയും നിർവചിച്ചു. വേദം ശബ്ദപ്രമാ... ണമായി കണക്കാക്കിയെങ്കിലും പ്രത്യക്ഷ അനുമാനങ്ങളെ അപേക്ഷി... ശബ്ദപ്രമാണങ്ങൾ ദുർബലമാണെന്നായിരുന്നു അക്കാലത്തെ ചിന്ത. അനു... ഭവവിരുദ്ധമായ വേദഭാഗങ്ങളെ അർത്ഥവാദമായി ഭാഷ്യകാരന്മാർ വിലയി... രുത്തുന്നതിനെതിരെ ന്യായമായ സമാധാനം കണ്ടെത്തി നിരാക്ഷേപമാ... യി വേദപ്രാമാണ്യത്തെ സ്ഥാപിക്കാൻ സ്വാമികൾക്കു കഴിഞ്ഞു. ഓം എന്ന ശബ്ദത്തെ, ഗീതോപനിഷത്തുകളിലും മാണ്ഡൂക്യതാപനിയാദിശ്രുതികളിലു... മുള്ള പരാമർശങ്ങളുദ്ധരിച്ചുകൊണ്ട് വ്യാകരണശാസ്ത്രാപഗ്രഥനം നടത്തി... ഓം എന്ന അക്ഷരം ബ്രഹ്മത്തിന്റെ വാചകവും ബ്രഹ്മം പ്രണവത്തി... വാക്യവുമാണെന്നു വിലയിരുത്തി. യുക്തിപ്രകാരം ഭേദമുണ്ടെന്നു തോന്നാ... മെങ്കിലും ഈ വാച്യ-വാചകബന്ധം അഭേദമാണെന്നു സ്വാമി പ്രസ്താവിച്ചു. ഉപനിഷത്തുകൾ അനുസരിച്ച് പൂർവത്തിൽ സർവവാങ്മയമായിരിക്കുന്ന പ്രണവമാണു വേദം. ഈ പ്രണവം ബ്രഹ്മാഭേദമാണ്. അതുകൊണ്ടു പ്രണവ... രൂപഭേദത്തിന് ആദ്യന്തം ഇല്ല എന്ന സാധൂകരണം നല്കാൻ കഴിഞ്ഞു. വേ... ദോച്ചാരണവും പ്രണവവും തമ്മിലുള്ള ബന്ധം മനുസ്മൃതിയിൽ പറയുന്നുണ്ട്. ബ്രാഹ്മണൻ വേദോച്ചാരണത്തിന്റെ ആരംഭത്തിലും അവസാനത്തിലും പ്ര... ണവത്തെ ഉച്ചരിക്കണം. ആരംഭത്തിൽ പ്രണവം ഉച്ചരിക്കാതിരുന്നാൽ ഉച്ച... രിച്ച വേദം അല്പാല്പമായി മറന്നുപോകും. അന്ത്യത്തിൽ ചെയ്യാതിരുന്നാൽ ഓർമയിൽ നില്ക്കയില്ല. വേദത്തിലുള്ള യജ്ഞഹവനാദിക്രിയകളൊക്കെ നശ്വരങ്ങളെന്നും പ്രണവം മോക്ഷം കൊടുക്കുന്നതുകൊണ്ട് അനശ്വരമെ... ന്നും ബ്രഹ്മാവ് പറയുന്നതായിട്ട് മനുസ്മൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രുതിപ്രകാരം വേദത്തിന് ആദ്യന്തമില്ലെന്നും അതു മനുഷ്യകർതൃകമല്ലെന്നും ഈശ്വരസൃഷ്ടിയാണെന്നുമാണ കാണുന്നത്. സർവപ്രമാണാതീതവും സർവോത്കൃഷ്ടവുമാണെന്നാണ ശ്രുതിപാഠം. ഋക്, യജുർ, സാമ, അഥർവവേദങ്ങളും ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ഛന്ദസ്സ്, ജ്യോതിഷ്യവും ഉടങ്ങിയ വേദാംഗങ്ങളും അപ്രധാനമാണെന്നു മുണ്ഡകോപനിഷത്തിൽ കാണാം. "യാതൊന്നിനാൽ ആ ശാശ്വതവസ്തു പ്രാപിക്കപ്പെടുമോ അതാണ പ്രധാനമായിട്ടുള്ളത്" എന്നാണ മേൽ ഉപനിഷത്തിലുള്ളത്.

പരമാർത്ഥപ്രതിപാദമല്ലാത്ത വേദത്തെ വേദമെന്നു പറഞ്ഞുകൂടാ. യാതൊന്നുകൊണ്ടു പരമാത്മാവിനെ അറിയാൻ കഴിയുമോ അതിനെ മാത്രമേ വേദമെന്നു പറയാവൂ. വിചാരവിജ്ഞാനഫലമായിരിക്കുന്ന ബ്രഹ്മസാക്ഷാത്കാരാവസ്ഥയാണിത്. അതുകൊണ്ട് ആദിമദ്ധ്യാന്തം, കർത്താവ്, ജനനകാലം എന്നിവയൊന്നും വേദത്തിനു ബാധകമല്ല. വേദം ഋഷിപ്രോക്തമെന്നും മനുഷ്യപ്രോക്തമെന്നുമുള്ള വാദത്തിന്റെ പൊരുളന്വേഷിക്കുന്ന അദ്ദേഹം ഇതിനനുഗുണമായ ദൃഷ്ടാന്തങ്ങൾ വേദഭാഗങ്ങളിൽനിന്നുതന്നെ കണ്ടെത്തുന്നു. മന്ത്രങ്ങളുടെ കർത്താവ് ഋഷികളാണെന്നു വ്യക്തമാക്കുന്ന ഭാഗങ്ങൾ ഏറെയുണ്ട്. മന്ത്രങ്ങൾ രചിച്ച ഋഷികൾക്കു നമസ്കാരം പറയുന്ന ഭാഗവും സ്വാമി തെളിവായിക്കാണിക്കുന്നു. ഭാഗവതസ്കാന്ദത്തിൽ സർവവാങ്മയ ഓംകാരരൂപം മാത്രം വേദമായിരുന്നു; അനന്തരം പുരൂരവസ്സ് എന്ന രാജാവു മൂന്നുവിധങ്ങളായ വേദങ്ങളെ ചെയ്തുവെന്നു പ്രസ്താവിക്കുന്നുണ്ട്. വേദങ്ങളിൽ ചില ഭാഗം പുരൂരവസ്സു രചിച്ചതായാണ വ്യക്തമാകുന്നത്. വ്യാസശിഷ്യനായ വൈശമ്പായനമഹാമുനി യജുർവേദത്തിൽ 27 ശാഖകളെ ഉണ്ടാക്കിയെന്നു വിഷ്ണുപുരാണത്തിൽ പരാമർശിക്കുന്ന ഭാഗം സ്വാമികൾ ഉദ്ധരിക്കുന്നുണ്ട്. ഛാന്ദോഗ്യോപനിഷത് ഏഴാമദ്ധ്യായത്തിന്റെ തുടക്കത്തിൽ കൊടുത്തിട്ടുള്ള നാരദ-സനത്കുമാരസംവാദത്തിൽ നാരദർക്ക് അറിയാതിരുന്ന നാലുവേദങ്ങൾക്ക് അതീതമായ ഭാഗങ്ങൾ സനത്കുമാരൻ നാരദന്ന് ഉപദേശിച്ചു. ഇപ്പറഞ്ഞതിൽനിന്നു വേദരചന ഒരേകാലത്തുണ്ടായതല്ലെന്നും പല കാലങ്ങളിൽ ഉണ്ടായിട്ടുള്ളതാണെന്നും തെളിയുന്നു.

വേദം ശബ്ദപ്രമാണമായതുകൊണ്ടു പ്രത്യക്ഷാനുമാനപ്രമാണങ്ങളെ അപേക്ഷിച്ച് അധമമാണെന്ന വിശ്വാസത്തെ, പ്രമാണാതീതവും അദ്വൈതപ്രതിപാദകവുമാണ വേദം എന്ന പ്രസ്താവനയോടെ സ്വാമികൾ നിഷേധിക്കുന്നു.

വേദരചയിതാക്കളെ ഭണ്ഡൻ, ധൂർത്തൻ, നിശാചരൻ എന്നിങ്ങനെ വിളിച്ചുള്ള ശകാരം ബൃഹസ്പതി നടത്തിയിട്ടുണ്ടെന്ന വിമർശനത്തിനെ സ്വാമി സാധൂകരിക്കുന്നുണ്ട്. കാലംതോറും വേദക്രിയാംഗപാഠങ്ങളിലും മാറ്റം ഉണ്ടായിട്ടുണ്ട്. അസംഖ്യം കഠോരഹിംസപ്രചുരവും നിന്ദ്യവുമായ പാഠഭേദങ്ങളെ യഥാർത്ഥകാരണങ്ങൾ പറഞ്ഞു തള്ളിക്കളയാതെ വിധികളായി അനുഷ്ഠിച്ചുപോന്നതിനെയാണ ബൃഹസ്പതി ശകാരിച്ചത്. അതുകൊണ്ട് അത് തെറ്റല്ല. വേദം ഭഗവത്പ്രോക്തമെന്ന ശ്രൗതന്മാരുടെ വിശ്വാസം ദുരഭിമാനമാ

ണെന്നു സ്ഥാപിക്കാനും ശ്രുതി/മന്ത്രബ്രാഹ്മണാത്മക [illegible] വേദം ഭിന്നകാലങ്ങളിൽ രചിക്കപ്പെട്ടതാണെന്നു തെളിയിക്കാൻ [illegible] കൾക്കു കഴിഞ്ഞു. വേദപ്രാമാണ്യത്തെ ഉദ്ഘോഷിക്കുന്ന [illegible] കൾ പരിശോധിച്ച് സയുക്തികം വേദപ്രാമാണ്യം എന്നാൽ എന്തെന്ന് ബോദ്ധ്യപ്പെടുത്താൻ ഈ അദ്ധ്യായത്തിലൂടെ സ്വാമികൾക്ക് [illegible]

## അധികാരനിരൂപണം

വേദാഭ്യാസവിഷയത്തിൽ ചാതുർവർണ്യവിഭാഗങ്ങളുടെ വിഭജനം എന്താണെന്ന പരിശോധനയാണ് മൂന്നാമദ്ധ്യായം.

1. വേദാഭ്യാസവും അദ്ധ്യയനവും ബ്രാഹ്മണരുടെ സ്വാധികാരമാണ്
2. ക്ഷത്രിയ-വൈശ്യവിഭാഗങ്ങൾക്ക് വേദാഭ്യാസമാകാമെങ്കിലും അദ്ധ്യാപനാവകാശമില്ല.

3. ശൂദ്രവിഭാഗത്തിന് ഇവ രണ്ടും നിഷിദ്ധമാണ്. വേദജ്ഞാനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന ഈ അറിവധികാരവിഭജനത്തിന് എന്തെങ്കിലും സാധുവായ പ്രമാണമുണ്ടോ എന്നാണ് സ്വാമികൾ പ്രാഥമികമായി അന്വേഷിച്ചത്. ഇതുവഴി നടപ്പുരീതിയിലുള്ള വേദാധികാരവിഭജനത്തിന് പ്രമാണസാധുത ഇല്ല എന്ന് സ്വാമികൾ കണ്ടെത്തി. നിഷേധിക്കപ്പെട്ട വിഭാഗങ്ങൾക്ക് അഭ്യസിക്കാനും അദ്ധ്യാപനംചെയ്യാനും അവകാശമുണ്ടെന്നതിനുവേണ്ട തെളിവുകൾ വേദത്തിൽത്തന്നെയുണ്ടെന്നു കണ്ടെത്താൻകഴിഞ്ഞു. ക്ഷത്രിയനു വേദാദ്ധ്യാപനത്തിന്നും ശൂദ്രനു വേദാഭ്യാസത്തിനും വിലക്കുകളില്ല എന്നു ദൃഷ്ടാന്തങ്ങളുടെ പിൻതുണയോടെ സ്ഥാപിക്കാൻ സ്വാമികൾക്കായി എന്നതാണ് ഈ അദ്ധ്യായത്തിന്റെ സവിശേഷത.

ക്ഷത്രിയനു വേദാദ്ധ്യാപനത്തിന്ന് അവകാശമുണ്ടെന്നു സ്ഥാപിക്കാനായി സ്വാമികൾ നിരത്തിയ തെളിവുകൾ താഴെപ്പറയുന്നു.

1. ബൃഹദാരണ്യകോപനിഷത്തിൽ ഗാർഗ്യനെന്ന ബ്രാഹ്മണൻ അജാതശത്രുവെന്ന ക്ഷത്രിയരാജാവിൽനിന്നു ബ്രഹ്മവിദ്യ അഭ്യസിച്ചു.
2. ഉപമന്യുപുത്രനായ 'പ്രാചീനശാലൻ' പൗലുഷിയെന്ന 'സത്യയജ്ഞൻ', ഭാല്ലവേയനായ 'ഇന്ദ്രദ്യുമ്നൻ' ശർക്കരാക്ഷാപത്യമായ 'ജനൻ', അശ്വതരാശ്വപുത്രനായ 'ബുഡിലൻ', ഭഗവാൻ ഉദ്ദാലകൻ എന്നീ മഹർഷിമാർക്ക് വൈശ്വാനരബ്രഹ്മവിദ്യ കൈകേയനായ അശ്വപതിരാജാവ് ഉപദേശിച്ചു.
3. ഛാന്ദോഗ്യോപനിഷത് അഞ്ചാമദ്ധ്യായത്തിൽ പ്രവാഹണൻ എന്ന രാജാവിൽനിന്ന്, ബ്രാഹ്മണനായ, ശ്വേതകേതു ബ്രഹ്മജ്ഞാനോപദേശം നേടിയതായി പരാമർശമുണ്ട്.
4. മഹോപനിഷത്തിൽ മിഥിലരാജാവായ ജനകനിൽനിന്ന് ബ്രഹ്മതത്ത്വം സ്വീകരിച്ച ശ്രീശുകനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.
5. അഷ്ടാവക്രൻ ജനകരാജാവിൽനിന്നും ബ്രഹ്മവിദ്യ ഗ്രഹിച്ച കഥ ത്രിപുര

ഛാന്ദോഗ്യം ബ്രാഹ്മണഭാഗത്തിൽ പറയുന്നുണ്ട്.

പരാമർശിച്ച ദൃഷ്ടാന്തങ്ങളിലൂടെ ക്ഷത്രിയർക്കു വേദാദ്ധ്യാപന ത്തിന് അവകാശമുണ്ടെന്നും അതവർ ചെയ്തുവന്നിരുന്നുവെന്നും തെളിയി ക്കാൻ സ്വാമികൾ കഴിഞ്ഞു. ബ്രാഹ്മണർ നിശ്ചയിച്ച പ്രകാരമല്ല വേദാധികാര മെന്നു ബോദ്ധ്യപ്പെടുത്തി ക്ഷത്രിയന്ന് വേദാദ്ധ്യാപനത്തിന് അവകാശമില്ല എന്ന വാദത്തെ സ്വാമികൾ ഖണ്ഡിച്ചു.

**ശൂദ്രന്റെ വേദാഭ്യാസാവകാശം**

ശൂദ്രനു വേദാഭ്യാസം ബ്രാഹ്മണർ നിഷേധിച്ചിരുന്നു. ഈ നിഷേധ ത്തിന് യാതൊരു അടിസ്ഥാനവുമില്ലെന്നു കണ്ടെത്തി, ശൂദ്രനു വേദാഭ്യാസ ത്തിന് അവകാശമുണ്ടെന്നു സ്വാമികൾ സ്ഥാപിച്ചു.

ഛാന്ദോഗ്യോപനിഷത്ത് നാലാമദ്ധ്യായത്തിലെ ജാനശ്രുത്യുപാഖ്യാ നമാണു മുഖ്യമായ തെളിവ്. എന്നാൽ ജാനശ്രുത്യുപാഖ്യാനത്തിനു വിവിധ ഭാഷ്യങ്ങളുണ്ട്. ജാനശ്രുതി ക്ഷത്രിയനാണെന്നും ശൂദ്രനാണെന്നും രണ്ടു പക്ഷമുണ്ട്. ജാനശ്രുതി ശൂദ്രനാണെന്നു പദാർത്ഥവിചാരത്തിലൂടെ തീർ പ്പാക്കുകയും രൈക്വൻ എന്ന ബ്രാഹ്മണനിൽനിന്ന് ബ്രഹ്മവിദ്യയായ ദേവ തോപാസനക്രമം അഭ്യസിക്കുകയും ചെയ്തു. പൗത്രായണനായ ജാനശ്രുതി ശൂദ്രനാണെന്നു യുക്തിഭദ്രമായി തെളിയിച്ചുകൊണ്ടാണു യാഗാധികാരം നിഷേധിച്ചിട്ടുണ്ടെങ്കിലും വേദവിദ്യ അഭ്യസിക്കാനുള്ള അവകാശം ശൂദ്ര നുണ്ടെന്നു സ്വാമികൾ സ്ഥാപിച്ചത്. യാഗാധികാരമില്ലായ്മയെ വേദവിദ്യ അഭ്യസിക്കുന്നതിൽനിന്നുള്ള വിലക്ക് ആക്കാനാവില്ല. ശൂദ്രസന്തതിയായ വിദുരാദികൾക്കൊക്കെ വിശേഷജ്ഞാനസമ്പത്തുണ്ടായിരുന്നത് ഇതിനു തെളിവായി സ്വാമികൾ ഉദാഹരിക്കുന്നുണ്ട്.

വേദാഭ്യാസത്തിന് ഉപനയനസംസ്കാരം കഴിഞ്ഞാലേ വിധിയുള്ളൂ. ഉപനയനത്തിനു ദ്വിജാദികളായ ബ്രാഹ്മണർക്കും ക്ഷത്രിയവൈശ്യന്മാർക്കു മേ അനുവാദമുള്ളൂ. ഉപനയനത്തിന് അധികാരമില്ലാത്ത ശൂദ്രർക്കു വേദവി ദ്യയ്ക്കും അധികാരമില്ല എന്നാണു ബ്രാഹ്മണപ്രമാണം. എന്തു ന്യായത്താൽ ശൂദ്രനു യാഗാധികാരമില്ലയോ അതേ ന്യായത്താൽ വിദ്യാധികാരവുമില്ല. ഈ ന്യായത്തിന്റെ പൊരുൾ എന്താണെന്നറിയാൻ ശൂദ്രശബ്ദത്തിന്റെ അർ ത്ഥപരിശോധന നടത്തിയതോടൊപ്പം ജാനശ്രുത്യുപാഖ്യാനം, ജാബാലക ഥാസാരവും പരിശോധിക്കുന്നു. വിദ്യാധികാരമില്ലാത്തവരാണു ശൂദ്രർ എന്നു സ്ഥാപിച്ചെടുക്കാൻ ജാബാലകഥ ബ്രാഹ്മണർ എപ്രകാരമാണ് ഉപയോഗി ക്കുന്നതെന്നും സ്വാമികൾ പരിശോധിക്കുന്നുണ്ട്.

ജാബാലകന്റെ പേരിൽ ഗൗതമമഹർഷിക്കു ശൂദ്രശങ്കയുണ്ടായിയെ ന്നും ജാബാലകനെക്കൊണ്ടു ഞാൻ ശൂദ്രനല്ലെന്നു സത്യംചെയ്യിച്ചശേഷമേ വിദ്യ ഉപദേശിച്ചുള്ളൂവെന്നുമാണു കഥ. വിദ്യാഭ്യാസവും ജാതിനിർണയവും തമ്മിൽ ബന്ധിപ്പിക്കുന്ന ഈ കഥയെ സ്വാമികൾ സൂക്ഷ്മതലത്തിൽ പരി ശോധിച്ച് ഈ കഥയിലെ ജാത്യംശത്തിനു സാധുതയില്ലെന്നു കണ്ടെത്തി. എന്തു ജാതി ആയാലും ശ്രദ്ധയുള്ളവരെ പഠിപ്പിക്കണമെന്നല്ലാതെ ജാതി

നോക്കി പഠിപ്പിക്കണമെന്ന പ്രമാണമില്ല എന്ന വ്യാഖ്യാനങ്ങ
കൾ നല്കുന്നത്. സാധനചതുഷ്ടയസമ്പത്തു സിദ്ധിച്ചാൽ ഉപനയനാദിസംസ്കാര
ത്തെ ഗണ്യമാക്കാതെ ജ്ഞാനമാർഗം സ്വീകരിക്കാമെന്നതിന് [illegible]
അർഹന്മാരാണെന്ന പ്രഥമസൂത്രത്തിന്റെ ഭാഷ്യത്തിൽ ആചാര്യസ്വാമികൾ
പറഞ്ഞിരിക്കുന്നുമുണ്ട്.

ഐതരേയബ്രാഹ്മണത്തിൽനിന്നു കവഷൻ എന്ന വേടൻ വേദാധ്യ
യനം ചെയ്ത കഥ ശൂദ്രനു വിദ്യാധികാരം ഉള്ളതായിപരാമർശിക്കുന്നതായി
സ്വാമികൾ വിവരിക്കുന്നുണ്ട്. കൗശീതകബ്രാഹ്മണത്തിലും കവഷകഥയു
ണ്ട്. വേടനായ ഇദ്ദേഹം വേദാഭ്യാസം ചെയ്യുക മാത്രമല്ല യാഗാദികർമ്മങ്ങ
ളിൽ ബ്രാഹ്മണരോടൊപ്പം പങ്കെടുത്തതായും കഥയിലുണ്ട്.

ചാതുർവർണ്യവിഭാഗങ്ങളുടെ വേദാധികാരനിരൂപണത്തിലൂടെ രണ്ടു
വ്യവഹാരധാരകളെ സ്വാമികൾ തിരിച്ചറിയുന്നു. ബ്രാഹ്മണാധീശത്വം നില
നിറുത്തി ശൂദ്രർക്കു വിദ്യാധികാരം നിഷേധിക്കുന്നതാണ് ആദ്യധാര. ക്ഷ
ത്രിയാദികൾക്ക് അദ്ധ്യാപനവും ശൂദ്രർക്കു വേദാഭ്യാസവും പാടില്ല എന്ന
തിനു ബദലായി അവർക്ക് ഇവ ചെയ്യാൻ അധികാരമുണ്ടെന്നു സ്വാമികൾ
ദൃഷ്ടാന്തങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥാപിച്ചു. ഇതു വേദത്തിൽത്തന്നെ
പ്രസ്താവ്യമാണെന്നതാണു രണ്ടാംധാര. ബ്രാഹ്മണർക്കുമാത്രമായി സവിശേ
ഷാധികാരമൊന്നും വേദത്തിലില്ലായെന്ന് സ്വാമികൾ അസന്ദിഗ്ധമായി
തെളിയിച്ചു. വിശ്വസിപ്പിച്ചിരിക്കുന്ന പ്രമാണങ്ങളെ പരിശോധിച്ചു ബദൽ
പാഠഭേദമുണ്ടാക്കാനുള്ള ഭാരതീയമായ രീതിശാസ്ത്രം കൂടി സ്വാമികൾ
അവതരിപ്പിച്ചു. ശ്രുതി, സ്മൃതി, മീമാംസ, പുരാണങ്ങൾ, ഉപനിഷത്തുകൾ
എന്നിവയിൽനിന്നും തെളിവുകൾ കണ്ടെത്തിവേണം നിഷേധത്തിന്റെ
യുക്തിയും പൊരുളും നിരൂപണം ചെയ്യാനെന്ന രീതിയാണു സ്വാമികൾ നട
പ്പാക്കിയത്. ബ്രാഹ്മണർ സ്ഥാപിച്ച വേദാധികാരത്തിന്റെ പ്രമാണങ്ങളുടെ
അയുക്തികത തെളിയിച്ചെടുക്കുമ്പോൾ അതു വേദവിരുദ്ധമാവുകയല്ല; മറിച്ച്,
ഇതൊക്കെ ബ്രാഹ്മണവിരുദ്ധമാവുകയാണു ചെയ്യുന്നത്. ബ്രാഹ്മണതാത്പ
ര്യങ്ങൾക്കായി ആസൂത്രണം ചെയ്തിരിക്കുന്ന വേദവഴിയല്ല യഥാർത്ഥവേദ
വഴിയെന്നു കണ്ടെത്തി ജനകീയമാർഗം സ്ഥാപിച്ചെടുക്കാൻ സ്വാമികൾക്കു
കഴിഞ്ഞുവെന്നതാണ് ഈ അദ്ധ്യായത്തിന്റെ മേന്മ.

## പ്രമാണാന്തരവിചാരം

ഭാരതത്തിൽ നിലനിന്നിരുന്ന സാമൂഹികശ്രേണീകരണമായ ചാതുർ
വർണ്യത്തിന്റെ തൊഴിലടിസ്ഥാനവും അതുൾക്കൊള്ളുന്ന അധികാരവും
പശ്ചാത്തലമായെടുത്തുകൊണ്ടാണു പ്രമാണാന്തരവിചാരം ആരംഭിക്കു
ന്നത്.

ബ്രഹ്മജ്ഞാനത്തെ ഉപദേശിക്കൽ ബ്രാഹ്മണർക്കും, രാജ്യസംരക്ഷ
ണം ക്ഷത്രിയധർമ്മവും ധാന്യകച്ചവടം വൈശ്യരുടെ കുലത്തൊഴിലും
അടിമവൃത്തി ശൂദ്രർക്കും എന്നിങ്ങനെയായിരുന്നു തൊഴിലടിസ്ഥാനത്തിലു
ള്ള ചാതുർവർണ്യവ്യവസ്ഥ. മനുസ്മൃതി തുടങ്ങി മറ്റൊരു സ്മൃതികളിലും ജ്ഞാ

[illegible] ആർക്കും നിഷേധിച്ചിട്ടില്ല. എന്നിട്ടും ശൂദ്രർക്കും സ്ത്രീകൾക്കും വിദ്യാഭ്യാസാവകാശം നല്കിയിരുന്നില്ല. അതുകൊണ്ട് ഈ നിഷേധത്തിന്റെ പ്രാമാണികതയെന്തെന്ന് സ്വാമികൾ പരിശോധിച്ചറിയുന്നതിന്റെ ആദ്യപടിയായി പ്രമാണത്തെക്കുറിച്ചുള്ള ഭാരതത്തിന്റെ വിചാരമെന്തെന്ന് അന്വേഷിച്ചറിഞ്ഞു.

വിജ്ഞാനാധികാരം നിർണയിച്ചുറപ്പിക്കുന്നതു വേദങ്ങളിൽ മാത്രമല്ല. സ്മൃതികളിലും ഉപനിഷത്തുകളിലും പുരാണങ്ങളിലുമായിട്ടാണ്. വേദങ്ങളിലില്ലാത്തവ സ്മൃതികളിൽനിന്നു ഗ്രഹിക്കുക. ഇവ രണ്ടിലുമില്ലാത്തവ സ്മൃതികളിൽനിന്നു ഗ്രഹിക്കുക എന്ന രീതിയാണ് അക്കാലത്തു പ്രചരിച്ചിരുന്നത്. ശ്രുതി, സ്മൃതി, പുരാണങ്ങൾ എന്നിവയിലെല്ലാം സമാനാശയങ്ങളെക്കുറിച്ചുള്ള പ്രസ്താവങ്ങളുണ്ടാകണമെന്നില്ല. സമാനവും പരസ്പരവിരുദ്ധവുമായ പ്രസ്താവങ്ങൾ ഇവയിലുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ പ്രമാണമായി പരിഗണിക്കേണ്ടത് എങ്ങനെയെന്ന് ആപത്സ്തംഭസ്മൃതിയിൽനിന്നു സ്വാമികൾ കണ്ടെത്തുന്നു. പുരാണത്തെക്കാൾ സ്മൃതിയും സ്മൃതിയെക്കാൾ വേദവും പ്രമാണമായി പരിഗണിക്കണമെന്നാണ് അംഗീകൃതധാരണ. ശ്രുതിയിലുള്ളവയ്ക്കു വിരോധമായതു സ്മൃതിയിൽക്കണ്ടാൽ ശ്രുതിയിലുള്ളതു പ്രബലപ്രമാണമായി പരിഗണിക്കും. രണ്ടിലും ഭിന്നിപ്പില്ലാത്ത പക്ഷം രണ്ടും അംഗീകരിക്കാമെന്നു ജാബാലസ്മൃതിയിലുണ്ടെന്നും വ്യാസസ്മൃതിയും മീമാംസാശാസ്ത്രവും വേദത്തിനാണു പ്രാമുഖ്യം നല്കുന്നതെന്നും സ്വാമികൾ കണ്ടെത്തി. പ്രമാണത്തിന്റെ മൂല്യപരിശോധനയിലൂടെ ഓരോ ഗ്രന്ഥത്തിന്റെയും പ്രാധാന്യം വെളിപ്പെടുത്താനും, അവയിൽ ഏതിനാണു മുൻതൂക്കമെന്നു യുക്തിഭദ്രമായി സ്ഥാപിക്കാനും കഴിഞ്ഞു.

ന സ്ത്രീ ശൂദ്രൗ വേദമധീയതാം എന്നതു പ്രമാണമായി അവതരിപ്പിച്ചുകൊണ്ടാണ് സ്ത്രീകൾക്കും ശൂദ്രർക്കും വേദാധികാരം ഇല്ലായെന്ന് അക്കാലത്തു വിശ്വസിപ്പിച്ചിരുന്നത്. ഈ വാക്യത്തിന്റെ പ്രാമാണികത്വം പരിശോധിക്കുന്നതിന്റെ ഭാഗമായി വേദസ്മൃത്യാദികളിൽ സമാനപ്രസ്താവങ്ങളുണ്ടോ എന്നു തിരഞ്ഞുവെങ്കിലും ഒന്നും കണ്ടെത്താനായില്ല. അതുകൊണ്ട്, പ്രാമാണികത്വം ഇല്ലാത്ത ഈ സൂത്രത്തെ പ്രമാണമായി അംഗീകരിക്കുന്നതെങ്ങനെയെന്ന സന്ദേഹം ഉയർത്തി കൃത്രിമമായ അർത്ഥകല്പനയിലൂടെയാണിതിനെ പ്രമാണമാക്കി വിശ്വസിപ്പിക്കുന്നതെന്നും സ്വാമികൾ വ്യക്തമാക്കി.

മേല്പറഞ്ഞ സൂത്രപ്രകാരം സ്ത്രീകൾക്കോ ശൂദ്രർക്കോ വേദം പഠിച്ചേ കഴിയൂ എന്നല്ലാതെ പഠിച്ചുകൂടാ എന്നർത്ഥമില്ല. എന്നാൽ പഠിച്ചുകൂടാ എന്നാണു വ്യാഖ്യാതാക്കൾ അർത്ഥനിർണയം നടത്തിയത്. വ്യാഖ്യാനദൂഷ്യത്തിനുള്ള ഉദാഹരണമാണിത്തരം കൃത്രിമാർത്ഥകല്പനകളും വ്യാഖ്യാനങ്ങളുമെന്നു സ്വാമികൾ തുറന്നടിച്ചു. ബോധപൂർവം കൃത്രിമാർത്ഥകല്പന നടത്തിയ ഒട്ടേറെസന്ദർഭങ്ങൾ സ്വാമികൾ ദൃഷ്ടാന്തമായി ചൂണ്ടിക്കാട്ടി.

പരാശരസ്മൃതിയിൽ കലിയുഗധർമങ്ങളെപ്പറ്റിപ്പറയുന്ന സന്ദർഭത്തിൽ വിധവാവിവാഹം ഉൾപ്പെടെ സ്ത്രീസ്വാതന്ത്ര്യം വിധിക്കുന്ന വാക്യത്തെ മാധ

വാചാര്യർ യുഗാന്തരവിഷയമായി മൂടിവയ്ക്കുന്നതും യാജ്ഞവത്ക്യ
സ്ത്രീസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വാക്യത്തിന്റെ വിജ്ഞാനേശ്വര
വ്യാഖ്യാനം നല്കി ഒഴിവാക്കുന്നതും മനുസ്മൃതിയിൽ സ്ത്രീകളുടെ വിദ്യാ
യം വിവരിക്കുന്ന ഭാഗം ഒഴിവാക്കി വ്യാഖ്യാതാവായ കുല്ലൂകഭട്ടൻ പുനർ
വിവാഹപ്രായസംബന്ധം മാത്രമാക്കി വ്യാഖ്യാനിക്കുന്നതും ഇത്തരം വ്യാ
ഖ്യാനദോഷത്തിന് ഉദാഹരണങ്ങളാണ്. ഈ ദുർവ്യാഖ്യാനങ്ങൾ ബ്രാഹ്മ
ണതാത്പര്യം മുൻനിറുത്തി ഉണ്ടായവയാണ്. വ്യാഖ്യാതാക്കളും ഉയർത്തി
ന്ന സ്ത്രീ-ശൂദ്രവിരുദ്ധതയെയാണ് സ്വാമികൾ തുറന്നുകാട്ടിയത്. സൂത്ര
വിഷയങ്ങൾക്കു കൃത്രിമമായ അർത്ഥമുണ്ടാക്കലല്ല വ്യാഖ്യാനമെന്ന വിശക
നത്തിലൂടെ, വ്യാഖ്യാതാക്കൾ കേമന്മാരായാലും അവരുടെ വ്യാഖ്യാനങ്ങൾ
വിമർശവിധേയമാണെന്ന പാഠം യുക്തിഭദ്രമായി സ്ഥാപിക്കുകയായിരുന്നു
സ്വാമികൾ ചെയ്തത്.

മുൻപു പറഞ്ഞ സൂത്രത്തിലെ 'അധീയാതാം' എന്ന പദം സന്ദിഗ്ദ്ധാർ
ത്ഥമുള്ളതാണ്. ബഹ്വർത്ഥകതയാണ് ഈ പദത്തിന്റെ പ്രകൃതത്തിൽ
സന്ദേഹം ജനിപ്പിക്കുന്നത്. 'പാടില്ല' എന്ന വിധ്യർത്ഥവും 'വേണമെന്നില്ല'
എന്ന ഔചിത്യാർത്ഥവും ഈ പദത്തിനുണ്ട്. പ്രമാണങ്ങൾക്കു വിരുദ്ധമല്ലാ
ത്ത അർത്ഥമാണിത്തരം സന്ദർഭങ്ങളിൽ സ്വീകരിക്കുന്ന നയം.

ബൃഹദാരണ്യകോപനിഷത്തിൽ ഗാർഗ്ഗി എന്ന സ്ത്രീ വേദാഭ്യാസം
ചെയ്തുവെന്നും വേദാർത്ഥസംബന്ധമായി യാജ്ഞവത്ക്യനോടു സംവാദം
ചെയ്തുവെന്നും പരാമർശമുണ്ട്. യാജ്ഞവത്ക്യന്റെ ഭാര്യ മൈത്രേയി ഐഹി
കസുഖങ്ങൾ വെടിഞ്ഞ് മോക്ഷപദം പ്രാപിക്കാനായി മോക്ഷത്തിനുപക
രിക്കാത്ത ധനം തനിക്കാവശ്യമില്ലെന്നും ബ്രഹ്മസാക്ഷാത്കാരത്തിനായി
പൂജ്യനായ അങ്ങയുടെ അറിവ് എനിക്ക് ഉപദേശിക്കണമെന്നും അപേക്ഷി
ച്ചു. യാജ്ഞവത്ക്യൻ ബ്രഹ്മതത്ത്വം ഉപദേശിച്ചുകൊടുക്കുകയും ചെയ്തു. ഈ
ദൃഷ്ടാന്തങ്ങൾ സ്ത്രീകൾക്കു വേദാധികാരമുണ്ടെന്നു തെളിയിക്കുന്നു. ശുക്ലയജു
സ് 28-ാം അദ്ധ്യായത്തിൽ യാഗാദികളിൽ വേദമന്ത്രങ്ങൾ ഉച്ചരിക്കുന്നതി
നും ശൂദ്രരുൾപ്പെടെ സകലജാതിക്കാർക്കും വേദോപദേശം നല്കുന്നതിനും
അനുവദിക്കുന്നുണ്ട്. ആപസ്തംബസ്മൃതിപ്രകാരം വേദാദ്ധ്യയനം സാർവത്രി
കമാണ്.

പ്രമാണാന്തരവിചാരത്തിലൂടെ, നിലനില്ക്കുന്ന ധാരണകളെ യുക്തിസ
ഹമായി വിലയിരുത്തി പ്രത്യയശാസ്ത്രതാത്പര്യം വെളിപ്പെടുത്താൻ സ്വാ
മികൾക്കു കഴിഞ്ഞു. ശൂദ്രർക്കും സ്ത്രീകൾക്കുമുള്ള വേദാഭ്യാസാവകാശനി
ഷേധത്തിനു വേദാടിസ്ഥാനമില്ലെന്നു ദൃഷ്ടാന്തങ്ങളുടെ പിൻബലത്തോടെ
സ്വാമികൾ സ്ഥാപിച്ചു. നിലനിന്ന ബ്രാഹ്മണതാത്പര്യങ്ങൾക്കെതിരെയു
ള്ള ബദൽപ്രമാണസ്ഥാപനമായിരുന്നു ഇതിലൂടെ നിർവഹിക്കപ്പെട്ടത്.

**യുക്തിവിചാരം**

ശൂദ്രൻ വേദാഭ്യാസം ചെയ്തുകൂടാ എന്ന വിധിക്കെന്തെങ്കിലും യുക്തിയു
ണ്ടോ എന്ന അന്വേഷണമാണ് ഈ അദ്ധ്യായം.

വിവിധമതഗ്രന്ഥങ്ങളിലും ഗീതയിലും മോക്ഷപ്രാപ്തിക്കുള്ള ഏകമാർ
ഗം ജീവാത്മ-പരമാത്മസ്വരൂപജ്ഞാനവും ധർമ്മാനുഷ്ഠാനവുമാണെന്നാണ്
വിധിച്ചിട്ടുള്ളത്. അന്തര്യാമിയെ താനായി അറിയുന്നവർക്കേ മാത്രമേ നിത്യ
സുഖം ലഭിക്കുവെന്ന് പലവിധത്തിൽ വേദം ഘോഷിക്കുന്നുണ്ട്. വേദാഭ്യാ
സനിരാസം വഴി ശൂദ്രന് മോക്ഷപ്രാപ്തിക്ക് അർഹതയില്ല. ആദിമുതലുള്ള
വിവേചനം ഇതാണെങ്കിൽ ഒരു ശൂദ്രനും ഇതുവരെ മോക്ഷം ലഭിച്ചിട്ടുണ്ടാ
വില്ല എന്നുപറഞ്ഞാൽ ആരും സമ്മതിക്കില്ല. വൈഷ്ണവരായ തിരുക്കച്ചിന
മ്പി, തിരുപാണ്ഡാഴ് ആഴ്വാർ തുടങ്ങിയ ചെട്ടി, പറയർ വിഭാഗത്തിൽപ്പെ
ട്ടവർ മോക്ഷപ്രാപ്തി സിദ്ധിച്ചവരാണെന്നു പറയാറുണ്ട്. ബ്രാഹ്മണരെക്കാൾ
ദിവ്യജ്ഞാനബലം സിദ്ധിച്ച ഇവരുടെ നേട്ടത്തെയും ബ്രാഹ്മണർ വളച്ചൊ
ടിക്കുന്നതിപ്രകാരമാണ്. "ശൂദ്രർ വേദം പഠിച്ചുകൂടാ എന്നല്ലാതെ വേദാർത്ഥം
അറിയുന്നതിൽ തെറ്റില്ല." ഈ വാദത്തെ സ്വാമികൾ കണക്കിനു പരിഹ
സിക്കുന്നുണ്ട്; അതോടൊപ്പം, ശൂദ്രനു വേദാഭ്യാസം അരുതെങ്കിലും പുരാ
ണപാഠം നിഷിദ്ധമല്ല എന്ന വാദവും. പുരാണങ്ങളിൽ പരാമർശിക്കുന്ന
വേദവാക്യങ്ങളെ ഉദാഹരിച്ചുകൊണ്ടാണു സ്വാമിയുടെ വിമർശം. മഹാഭാ
രതത്തിലെ ആദിപർവം മൂന്നാംമദ്ധ്യായത്തിലും, ശകുന്തളോപാഖ്യാനം
74-ാം അദ്ധ്യായത്തിലും നിന്നുള്ള ഉദാഹരണവാക്യങ്ങൾ നിരത്തിയാണു
സ്വാമികൾ പൂർവപക്ഷത്തെ ഖണ്ഡിക്കുന്നത്. പുരാണങ്ങളിലെ ശ്രുതിവാ
ക്യം ശൂദ്രർക്കു പഠിക്കാം വേദംപഠിക്കുക അരുത് എന്നതിന്റെ വൈരുദ്ധ്യ
ത്തെ സ്വാമികൾ ചോദ്യംചെയ്തു. വാദത്തിനായി പുരാണപഠനവും ശൂദ്രർക്കു
നിഷേധമാണെന്നു പറഞ്ഞാൽ, പുരാണകർത്താക്കളിലധികവും ശൂദ്രരാ
ണല്ലോ എന്നാണു സ്വാമിയുടെ പക്ഷം. ശൂദ്രരചനയായ സൂതസംഹിതത
ന്നെയാണ് ഉത്തമദൃഷ്ടാന്തം. ആഴ്വാർക്കും നായനാർമാർക്കും ബ്രഹ്മജ്ഞാ
നം സാദ്ധ്യമായിരുന്നു. അവരാരും ബ്രാഹ്മണരായതുകൊണ്ടല്ല ഈ സിദ്ധി
ലഭിച്ചത്. ഓടക്കാരിയുടെ മകനായ പരാശരനും മുക്കുവത്തിയുടെ മകനായ
വ്യാസനും വേദാഭ്യാസം ലഭിച്ചവരാണ്. ഈ സന്ദർഭങ്ങൾക്കു രണ്ടുമട്ടു
വ്യാഖ്യാനമായിരുന്നു അക്കാലത്തു നല്കിയിരുന്നത്. സിദ്ധന്മാർ മഹാത്മാ
ക്കളാകയാൽ അവർക്കു വേദാഭ്യാസനിഷേധം ബാധകമല്ലെന്നും പരാശരനും
വ്യാസനും ബ്രാഹ്മണപിതൃത്വമുള്ളവരായതുകൊണ്ട് അവർ ബ്രാഹ്മണർ
തന്നെ എന്നുമായിരുന്നു സമാധാനം. മാതൃക്ഷേത്രം നിന്ദ്യമാണെങ്കിലും ബ്രാ
ഹ്മണബീജമാണെങ്കിൽ പുത്രൻ ബ്രാഹ്മണനാകുമെന്ന സമാധാനത്തിന്റെ
യുക്തി എന്തെന്നു സ്വാമി പരിശോധിച്ചു. പാണ്ഡു, ധൃതരാഷ്ട്രർ, വിദുരർ എന്നി
വരുടെ പിതൃത്വവും സാമൂഹികപദവിയും വെളിപ്പെടുത്തിക്കൊണ്ടാണ് സ്വാ
മികൾ ഇതിനു സമാധാനം നല്കിയത്. ബ്രാഹ്മണബീജവാദപ്രകാരം വ്യാസ
പുത്രന്മാർ ബ്രാഹ്മണരാകേണ്ടതാണ്. എന്നാൽ മാതൃവഴി ക്ഷത്രിയരായിട്ടും
വിദുരർ ശൂദ്രനായിട്ടാണ് അറിയപ്പെട്ടത്. തന്നെയുമല്ല, മാതൃവഴി വ്യാസനും
പരാശരനും അബ്രാഹ്മണരായിരിക്കേണ്ടതാണെന്ന വാദത്തിലൂടെ ബ്രാഹ്മ
ണബീജവാദം സമർത്ഥമായി ഖണ്ഡിക്കാനും സ്വാമികൾക്കായി.

ബ്രാഹ്മണ്യം ജന്മത്താലോ കർമ്മത്താലോ അതോ ഇതു രണ്ടും
ന്നാലോ ആണുണ്ടാകുന്നത് എന്ന സന്ദേഹം ഉന്നയിച്ചുകൊണ്ട് ഇവ ഓ
ന്നിനെയും സൂക്ഷ്മമായി നിരീക്ഷിച്ചു. ജന്മത്താലാണെങ്കിൽ പിതാവു ബ്രാ
ണനായിരുന്നാൽ മതിയോ, മാതാവു ബ്രാഹ്മണസ്ത്രീ ആയിരുന്നാൽ മതിയോ
അതോ രണ്ടുപേരും ബ്രാഹ്മണരായിരിക്കണമോ ജന്മത്താൽ ബ്രാഹ്മണ്യം
ലഭിക്കാനെന്നു സ്വാമികൾ സംശയം ഉന്നയിച്ചു. ഇതിൽ ഒന്നാം സംഗതി
യാണെങ്കിൽ നായർസ്ത്രീയിൽ ജനിച്ച പുത്രന്മാർക്കു ബ്രാഹ്മണ്യം ലഭിക്ക
ണം. രണ്ടാമത്തേതു മതിയെങ്കിൽ വ്യഭിചാരപുത്രന്മാരാണെന്നു പറയുന്നതു
തെറ്റാണ്. മൂന്നാമത്തെ സംഗതിപ്രകാരം വ്യാസപരാശരന്മാർ അബ്രാഹ്മ
ണരാകും. ബ്രാഹ്മണമാതൃ-പിതൃത്വമുള്ള ബ്രാഹ്മണർ ഭ്രഷ്ടരായാലും ബ്രാഹ്മ
ണരായിത്തുടരുമെന്നാണു ശാസ്ത്രം. അന്യമതപ്രവേശനം, മാംസഭോജനം,
നീചസ്ത്രീസംയോഗം എന്നിവകൊണ്ടു ബ്രാഹ്മണ്യം നഷ്ടപ്പെടുമെങ്കിൽ, അതു
ജന്മംകൊണ്ടു സിദ്ധമാകുന്നതല്ലാ എന്നു സിദ്ധം; അതു കർമംകൊണ്ടു സി
ദ്ധിക്കുന്നതാണെന്നും വരുന്നു.

ധർമ്മശാസ്ത്രപ്രകാരം ജന്മംകൊണ്ട് എല്ലാവരും ശൂദ്രർതന്നെ. പിന്നീട്
കർമ്മമനുസരിച്ച് ബ്രാഹ്മണരും ക്ഷത്രിയരും വൈശ്യരുമാകും. കർമ്മമനുസ
രിച്ചാണെങ്കിൽ രണ്ടുതരമുണ്ട്. ജാതകർമ്മനാമകരണാദിസങ്കേതകർമ്മവഴി
യും സുകൃതദുഷ്കൃത്യങ്ങളാകുന്ന സാമാന്യധർമ്മവഴിയും. സങ്കേത കർമങ്ങള
നുസരിച്ചാണു ബ്രാഹ്മണ്യം ലഭിക്കുന്നതെങ്കിൽ ശൂദ്രരും അതനുവർത്തിച്ചാൽ
ബ്രാഹ്മണരായി മാറും. സാമാന്യധർമ്മാനുഷ്ഠാനംകൊണ്ടാണെങ്കിൽ ജന്മം
കൊണ്ടു ബ്രാഹ്മണരായവരെല്ലാം കർമ്മംകൊണ്ട് അതാവില്ല. ശൂദ്രർക്കു ധർ
മ്മാനുഷ്ഠാനംകൊണ്ടു ബ്രാഹ്മണരാവുകയും ചെയ്യാം. ഈ പശ്ചാത്തലത്തിൽ
ബ്രാഹ്മണർക്ക് ഔന്നത്യമോ ശൂദ്രർക്കു ന്യൂനതയോ വരുന്നില്ല.

കർമ്മംകൊണ്ടു ബ്രാഹ്മണ്യം നേടാനാവില്ല, ജന്മത്തോടുകൂടിയിരിക്ക
ണമെന്നാണെങ്കിൽ ജന്മത്താൽ ക്ഷത്രിയനായ വിശ്വാമിത്രമഹർഷി കർമ
ത്താൽ ബ്രാഹ്മണനായതെങ്ങനെയെന്നു സ്വാമികൾ സന്ദേഹം ഉന്നയിച്ചു.
വേടനായ കവഷൻ കർമ്മവിശേഷത്താൽ ബ്രാഹ്മണനും ഋഷിയുമായി.
കൂടാതെ, ഐതരേയബ്രാഹ്മണത്തിൽ ഏഴാമതുപഞ്ചിക നാലാമദ്ധ്യായ
ത്തിൽ ക്ഷത്രിയധർമം വെടിഞ്ഞു ബ്രാഹ്മണനാകുന്ന പരാമർശവുമുണ്ട്. പ്രകൃ
തത്തിൽ ശൂദ്രനും ബ്രാഹ്മണധർമ്മം ചെയ്താൽ ബ്രാഹ്മണനായി മാറുമെന്നാ
ണ് ഇതിൽനിന്നു വ്യക്തമാകുന്നത്.

ബ്രഹ്മജ്ഞാനവും ധർമാനുഷ്ഠാനവും ജന്മത്തോടു ചേർന്നല്ലാതെയും
ആർജ്ജിക്കാമെന്നിരിക്കെ ഇവ എല്ലാപേർക്കും സാദ്ധ്യത നല്കുന്നുണ്ട്. ബ്രാ
ഹ്മണർക്കുള്ള അത്രതന്നെ സാദ്ധ്യത ശൂദ്രർക്കുമുണ്ട്. ജന്മവും കർമവും ബ്രഹ്മ
ജ്ഞാനവും ചേർന്നല്ലാതെ ബ്രാഹ്മണ്യം സിദ്ധിക്കില്ലെങ്കിൽ ജന്മനാ ന്യൂനത
യുള്ള ആഴ്‌വാർകൾക്കു ബ്രാഹ്മണ്യമില്ല. ബ്രഹ്മജ്ഞാനംകൂടാതെ പ്രകൃതത്തിൽ
ബ്രാഹ്മണനായിരിക്കുന്നവർക്കു ബ്രാഹ്മണ്യമില്ല. സാങ്കേതിക കർമ്മങ്ങൾ
ത്യജിച്ച സംന്യാസിമാർക്കും വൈഷ്ണവർക്കും ബ്രാഹ്മണ്യമില്ല. ഇപ്രകാരം

ത്തർക്കും ബ്രാഹ്മണ്യമില്ലെങ്കിൽ വേദാധികാരം ആർക്കുമില്ല. അപ്പോൾ എല്ലാവർക്കും അവകാശമുണ്ടെന്നോ ആർക്കും അവകാശമില്ലെന്നോ അല്ലാതെ ചിലർക്കുമാത്രം അവകാശമുണ്ടെന്നും മറ്റുള്ളവർക്ക് ഇല്ലെന്നും പറയുന്നത് അയുക്തികമാണ് എന്നാണ് സ്വാമികൾ വാദിച്ചുറപ്പിച്ചത്.

മനു ആദി ധർമ്മശാസ്ത്രങ്ങൾ ബ്രാഹ്മണർക്കായി വിധിച്ചിരിക്കുന്ന നിത്യകർമ്മങ്ങളിൽ ശരിയായി പാലിക്കുന്നവരായി ആരുമില്ല. കർമ്മഭ്രംശത്താൽ അബ്രാഹ്മണ്യം സംഭവിക്കാമെങ്കിൽ ബ്രാഹ്മണർക്കും ബ്രാഹ്മണ്യം നഷ്ടമാകും എന്നിരിക്കെ ബ്രഹ്മണർക്കുമാത്രം ഇതൊന്നും ബാധകമാകില്ല എന്നു വിശ്വസിക്കുന്നതെങ്ങനെ? അതുപോലെ ജ്ഞാനം എല്ലാവർക്കും വേണ്ടതായിരിക്കുമ്പോൾ അത് ഒരുവിഭാഗത്തിനു നിഷേധിക്കപ്പെടുന്നതിനു ന്യായമെന്ത് എന്നും സ്വാമികൾ യുക്തിപൂർവം ചോദ്യമുന്നയിച്ചു. എല്ലാവരുടെയും സ്വഭാവത്തെ പരിശുദ്ധമാക്കേണ്ടതായ വേദം ശൂദ്രർ പഠിക്കുകവഴി മഹിമ കുറഞ്ഞുപോകുമെങ്കിൽ ജനങ്ങളെ അതെങ്ങനെ പരിശുദ്ധമാക്കും? അതുകൊണ്ട് താത്പര്യമുള്ള എല്ലാവരും ജ്ഞാനസമ്പാദനത്തിനർഹർ തന്നെ. ഇച്ഛിക്കുന്നവർക്കു ജ്ഞാനത്തെ പ്രദാനംചെയ്യുന്നതാണു പരമധർമം എന്നു സ്വാമികൾ വേദാധികാരനിരൂപണത്തിലൂടെ സ്ഥാപിച്ചു.

വേദാധികാരത്തെക്കുറിച്ചുള്ള സ്വാമികളുടെ ചിന്തയുടെ സംക്ഷിപ്താവതരണമാണു മേൽനൽകിയത്. സ്വാമികളുടെ നിരൂപണത്തിന്റെ പൂർണത ഇതിനില്ല. എങ്കിലും കേന്ദ്രാശയങ്ങൾക്കു നഷ്ടംവരാതിരിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വേദാധികാരത്തെക്കുറിച്ചുള്ള ബ്രാഹ്മണഭാഷ്യം നിഷേധിച്ചു വേദംഅഭ്യസിക്കാൻ എല്ലാവിധജനങ്ങൾക്കും അധികാരമുണ്ടെന്നു സ്ഥാപിച്ചുറപ്പിക്കാൻ 1920 കളിൽ സ്വാമികൾക്കു കഴിഞ്ഞിരുന്നു. ഇതുവഴി കേരളസമൂഹത്തിൽ നവമായ ആധിപത്യനിഷേധത്തിന്റെ പാരമ്പര്യം ഉറപ്പിക്കാൻ സ്വാമികൾക്കായി. ശ്രീനാരായണഗുരുവിന്റെ 1888 ലെ ശിവപ്രതിഷ്ഠ പ്രായോഗികവിപ്ലവത്തിന്റെ സാക്ഷ്യമാണെങ്കിൽ ചട്ടമ്പിസ്വാമികളുടെ വേദാധികാരനിരൂപണം ധൈഷണികവിപ്ലവത്തിന്റെ സാക്ഷ്യമാണ്.

## ഗ്രന്ഥസൂചി

ചട്ടമ്പിസ്വാമികൾ, 1921, വേദാധികാരനിരൂപണം, ശ്രീ വിദ്യാധിരാജചട്ടമ്പിസ്വാമികളുടെ ജീവചരിത്രവും പ്രധാനകൃതികളും, വാഴൂർ, തീർത്ഥപാദാശ്രമം, 2015.

ഒരുത്തർക്കും ബ്രാഹ്മണ്യമില്ലെങ്കിൽ വേദാധികാരം ആർക്കുമില്ല. അപ്പോൾ
എല്ലാവർക്കും അവകാശമുണ്ടെന്നോ ആർക്കും അവകാശമില്ലെന്നോ
അല്ലാതെ ചിലർക്കുമാത്രം അവകാശമുണ്ടെന്നും മറ്റുള്ളവർക്ക് ഇല്ലെന്നും പറ
യുന്നത് അയുക്തികമാണ് എന്നാണ സ്വാമികൾ വാദിച്ചുറപ്പിച്ചത്.

മനു ആദി ധർമ്മശാസ്ത്രങ്ങൾ ബ്രാഹ്മണർക്കായി വിധിച്ചിരിക്കുന്ന നി
ത്യകർമ്മങ്ങളിൽ ശരിയായി പാലിക്കുന്നവരായി ആരുമില്ല. കർമ്മഭ്രംശ
ത്താൽ അബ്രാഹ്മണ്യം സംഭവിക്കാമെങ്കിൽ ബ്രാഹ്മണർക്കും ബ്രാഹ്മണ്യം
നഷ്ടമാകും എന്നിരിക്കെ ബ്രഹ്മണർക്കുമാത്രം ഇതൊന്നും ബാധകമാകില്ല
എന്ന വിശ്വസിക്കുന്നതെങ്ങനെ? അതുപോലെ ജ്ഞാനം എല്ലാവർക്കും വേ
ണ്ടതായിരിക്കുമ്പോൾ അത് ഒരുവിഭാഗത്തിനു നിഷേധിക്കപ്പെടുന്നതിനു
ന്യായമെന്ത് എന്നും സ്വാമികൾ യുക്തിപൂർവം ചോദ്യമുന്നയിച്ചു. എല്ലാവരു
ടെയും സ്വഭാവത്തെ പരിശുദ്ധമാക്കേണ്ടതായ വേദം ശൂദ്രർ പഠിക്കുകവഴി
മഹിമ കുറഞ്ഞുപോകുമെങ്കിൽ ജനങ്ങളെ അതെങ്ങനെ പരിശുദ്ധമാക്കും?
അതുകൊണ്ട് താത്പര്യമുള്ള എല്ലാവരും ജ്ഞാനസമ്പാദനത്തിനർഹർ
ആണ്. ഇച്ഛിക്കുന്നവർക്കു ജ്ഞാനത്തെ പ്രദാനംചെയ്യുന്നതാണ പരമധർമം
എന്ന സ്വാമികൾ വേദാധികാരനിരൂപണത്തിലൂടെ സ്ഥാപിച്ചു.

വേദാധികാരത്തെക്കുറിച്ചുള്ള സ്വാമികളുടെ ചിന്തയുടെ സംക്ഷി
പ്താവതരണമാണു മേൽനൽകിയത്. സ്വാമികളുടെ നിരൂപണത്തിന്റെ
പൂർണ്ണത ഇതിനില്ല. എങ്കിലും കേന്ദ്രാശയങ്ങൾക്കു നഷ്ടംവരാതിരിക്കാൻ
ശ്രദ്ധിച്ചിട്ടുണ്ട്. വേദാധികാരത്തെക്കുറിച്ചുള്ള ബ്രാഹ്മണഭാഷ്യം നിഷേധിച്ചു
വേദംഅഭ്യസിക്കാൻ എല്ലാവിധജനങ്ങൾക്കും അധികാരമുണ്ടെന്നു സ്ഥാ
പിച്ചുറപ്പിക്കാൻ 1920 കളിൽ സ്വാമികൾക്കു കഴിഞ്ഞിരുന്നു. ഇതുവഴി കേ
രളസമൂഹത്തിൽ നവമായ ആധിപത്യനിഷേധത്തിന്റെ പാരമ്പര്യം ഉറപ്പി
ക്കാൻ സ്വാമികൾക്കായി. ശ്രീനാരായണഗുരുവിന്റെ 1888 ലെ ശിവപ്രതിഷ്ഠ
പ്രായോഗികവിപ്ലവത്തിന്റെ സാക്ഷ്യമാണെങ്കിൽ ചട്ടമ്പിസ്വാമികളുടെ വേ
ദാധികാരനിരൂപണം വൈജ്ഞാനികവിപ്ലവത്തിന്റെ സാക്ഷ്യമാണ്.

ഗ്രന്ഥസൂചി

ചട്ടമ്പിസ്വാമികൾ, 1921, വേദാധികാരനിരൂപണം, ശ്രീ വിദ്യാധിരാജചട്ടമ്പിസ്വാമികളു
ടെ ജീവചരിത്രവും പ്രധാനകൃതികളും, വാഴൂർ, തീർത്ഥപാദാശ്രമം, 2015.